കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# നന്ദിയോട് ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

**2017-18**

ജില്ലാ ഓഡിറ്റ് കാര്യാലയം,
തിരുവനന്തപുരം.

e-mail:lfadtvm@yahoo.in
dotvm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.10/474/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
ഇമെയിൽ - lfadtvm@yahoo.in
വെബ് - www.lfa.kerala.gov.in
ഫോൺ - 04712331231

തീയതി : 9.4.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് **(**സെക്രട്ടറി മുഖേന**)**

നന്ദിയോട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നന്ദിയോട് ഗ്രാമപഞ്ചായത്ത് **- 2017-18** സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നന്ദിയോട് ഗ്രാമപഞ്ചായത്തിന്റെ **2017-18** സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലേയ്ക്കും ഭാഗം 3 ലേയ്ക്കും പ്രത്യേകം ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ**,**

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ് :

1) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം).

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ.

3) കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.10/474/2019

തീയതി : 9.4.2019

# തിരുവനന്തപുരം ജില്ലയിലെ നന്ദിയോട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ നന്ദിയോട് ഗ്രാമപഞ്ചായത്തിന്റെ **2017-18** സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 14.09.17 മുതൽ . 7.3.19തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അന്വേഷണക്കുറിപ്പുകൾ 38 എണ്ണം നൽകിയതിൽ 38 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. മറുപടികൾ പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)** ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന്ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ സാജൻലാൽ എസ് ജെ,
ഡെപ്യൂട്ടി ഡയറക്ടർ

ഓഡിറ്റിന് വിനിയോഗിച്ച സമയം : 07.03.2019 മുതൽ 14.03.2019 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ : ശ്രീമതി.ശ്രീജ.കെ, ഓഡിറ്റ് ഓഫീസർ

ശ്രീമതി.ശാലിനി. വി .കെ,
സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി രേഖ.സി.എസ്,
സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ. സുരേഷ് ബാബു. ബി.
സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ. പ്രേംനാഥ് ജി.കെ,
സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. സഫീർ അഹമ്മദ് അബ്ദുൽ റൗഫ്, ഓഡിറ്റർ

(ബി) നിർവ്വഹണാധികാരികൾ

| പ്രസിഡന്റ് : | |
|---|---|
| ശ്രീ. വി.അജിത്ത് കുമാർ, | 01.04.2017 മുതൽ 27.10.2017 വരെ |
| ശ്രീമതി രാധാ ജയപ്രകാശ് വൈസ് പ്രസിഡന്റ്,(ചാർജ്ജ്) | 28.10.2017 മുതൽ 02.01.2018 വരെ |
| ശ്രീ. വി.അജിത്ത് കുമാർ, | 3.1.2018 മുതൽ 31.03.2018 വരെ |

| സെക്രട്ടറി : | |
|---|---|
| 1. ശ്രീ.ബിന്ദുരാജ് | 01.04.2017 മുതൽ 13.6.2017 വരെ |
| 2. ശ്രീ.എസ്.മനോജ് | 14.6.2017 മുതൽ 31.03.2018 വരെ |

<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ. കൃഷ്ണകുമാർ | 01.04.17 മുതൽ 31.3.18വരെ |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | ഡോ.ദിവ്യ.വി.എസ് | 01.04.17 മുതൽ 20.12.2017 വരെ |
| | ഡോ.ലക്ഷ്മി.പി.എസ്. | 21.12.17 മുതൽ 7.2.18 വരെ |
| | ഡോ.ശ്രീജിത്ത് എൽ.കെ | 8.2.18 മുതൽ 31.03.18 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.കുമാരി ബിന്ദു | 01.04.17 മുതൽ 31.03.18 വരെ |
| വെറ്ററിനറി സർജൻ | ഡോ.സജീവ് കുമാർ | 01.04.17 മുതൽ 25.5.17 വരെ |
| | ഡോ. ഭദ്ര.പി.വി | 26.5.17 മുതൽ 31.03.18 വരെ |
| ഐ.സി.ഡി. എസ് സൂപ്പർവൈസർ | ശ്രീമതി ഗീത.ആർ | 01.04.17 മുതൽ 31.03.18 വരെ |
| വി.ഇ.ഒ.-1 | ശ്രീ. റാഫി.എ | 01.04.17 മുതൽ 31.03.18 വരെ |
| വി.ഇ.ഒ.-2 | ശ്രീ. വിജയ് ലാൽ | 01.04.17 മുതൽ 16.6.17 വരെ |
| | ശ്രീ. രാഹുൽ രാജ് | 17.6.17മുതൽ 31.03.18 വരെ |
| അസി.സെക്രട്ടറി | ശ്രീ. പി.രാംജിലാൽ | 01.04.17മുതൽ 31.03.18 വരെ |
| കൃഷി ഓഫീസർ | ശ്രീ. എസ് ജയകുമാർ | 01.04.17മുതൽ 31.03.18 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ. യു.ഹംസ | 01.04.17 മുതൽ 19.05.17 വരെ |
| | ശ്രീമതി ഷാനാമ്മ | 20.05.17മുതൽ 31.03.18 വരെ |
| ഡയറിഫാം ഇൻസ്ട്രക്ടർ | ശ്രീമതി സൗമ്യ പി.കെ | 01.04.17മുതൽ 31.03.18 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം -1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 | |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം | 1-6 | |
| 7 | തനത് വരുമാനം | 1-7 | |

| | | | |
|---|---|---|---|
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 | |
| ഭാഗം - 2 | | | |
| 13 | ബജറ്റ് രൂപീകരണം- നടപടിക്രമം പാലിച്ചില്ല | 2-1 | |
| 14 | തൊഴിൽ നികുതി ഈടാക്കാത്തതിനാൽ വരുമാന നഷ്ടം | 2-2 | |
| 15 | ഡോക്ടർമാർ, പാരാമെഡിക്കൽ വിദഗ്ധ്ദർ, കരാറുകാർ എന്നിവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 2-3 | |
| 16 | സ്വകാര്യ ആശുപത്രി/പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷനില്ലാതെ പ്രവർത്തിക്കുന്നു. | 2-4 | |
| 17 | വാടക ഈടാക്കാത്തതിനാൽ പഞ്ചായത്തിന് വരുമാന നഷ്ടം | 2-5 | |
| 18 | വാടക ഇനത്തിലുള്ള വരവിലും കുടിശ്ശികയിലും വ്യക്തതയില്ല | 2-6 | |
| 19 | മാർക്കറ്റ് റസീപ്റ്റ്, കംഫർട്ട് സ്റ്റേഷൻ വരവ് ഇനങ്ങളിൽ ഉള്ള കുടിശ്ശിക അടിയന്തിരമായി സ്വീകരിക്കേണ്ടതാണ് | 2-7 | |
| 20 | ഗുണഭോക്തൃ വിഹിതം ഇനത്തിൽ നീക്കിയിരിപ്പുള്ള 9399/- രൂപ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ് | 2-8 | |
| 21 | ഡ്രൈവിംഗ് സ്കൂളുകൾ പഞ്ചായത്ത് സ്റ്റേഡിയം ഉപയോഗിക്കുന്നതിന് വാടക ഈടാക്കുന്നില്ല | 2-9 | |
| 22 | വൃന്ദാവൻ കൺവെൻഷൻ സെന്റർ - D&O ലൈസൻസ് എടുത്തിട്ടില്ല | 2-10 | |
| 23 | യന്ത്രത്തിന്റെ കുതിര ശക്തിയുടെ അടിസ്ഥാനത്തിൽ ഫീസ് ഈടാക്കിയിട്ടില്ല. | 2-11 | |
| 24 | ഇ-ടെണ്ടർ ഫോറ വില ജില്ലാ പഞ്ചായത്തിൽ നിന്നും ഈടാക്കണം | 2-12 | |
| 25 | മരാമത്ത് പ്രവൃത്തികളിൽ കരാർ ചമയ്ക്കാൻ കാലതാമസം | 2-13 | |
| ഭാഗം - 3 | | | |
| 26 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല- 537000/-രൂപ തടസ്സം ചെയ്യുന്നു | 3-1 | |

| | | | |
|---|---|---|---|
| 27 | യൂത്ത് സ്റ്റേഡിയത്തിൽ ഹാലജൻ എൽ.ഇ.ഡി.ലൈറ്റ് സ്ഥാപിക്കൽ-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 3-2 | |
| 28 | തെരുവുവിളക്കുകളുടെ വാർഷിക മെയിന്റനൻസ്- അപാകതകൾ | 3-3 | |
| 29 | ഡെപ്പോസിറ്റ് വർക്ക്- തുക തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 3-4 | |
| 30 | കുടിവെള്ള വിതരണം വിശദാംശങ്ങൾ. ലഭ്യമാക്കിയിട്ടില്ല.-സർക്കാർ മാർഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധം-307815/- രൂപ തടസ്സം ചെയ്യുന്നു. | 3-5 | |
| 31 | എർത്ത് ഫില്ലിംഗ് – കുഴിച്ചെടുത്ത മണ്ണ് ഉപയോഗിച്ചില്ല. നഷ്ടം-7946/- രൂപ | 3-6 | |
| 32 | കാർഷിക മേഖലാ വികസനം-സർക്കാർ നിർദ്ദേശപ്രകാരമാകണം | 3-7 | |
| 33 | ക്ഷീരമേഖലാ വികസനം-പദ്ധതികൾ ഉദ്ദേശലക്ഷ്യം കൈവരിച്ചില്ല. | 3-8 | |
| 34 | പട്ടികവർഗ്ഗ സങ്കേതങ്ങളിൽ മെഡിക്കൽ ക്യാമ്പ് – തുക തടസ്സം ചെയ്യുന്നു | 3-9 | |
| 35 | സാന്ത്വനം പാലിയേറ്റീവ് കെയർ– മാർഗ്ഗരേഖയ്ക്കനുസൃതമായി നടപ്പിലാക്കേണ്ടതാണ് | 3-10 | |
| 36 | വീട് വാസയോഗ്യമാക്കൽ , ഭവന പുനരുദ്ധാരണം പദ്ധതികളിലെ അപാകങ്ങൾ | 3-11 | |
| 37 | വയോജനങ്ങൾക്ക് കട്ടിൽ വാങ്ങൽ - ഗുണമേന്മ പരിശോധിച്ച് ഉറപ്പ് വരുത്തണം | 3-12 | |
| 38 | സ്കൂളുകളിലേക്ക് കമ്പ്യൂട്ടർ, പ്രൊജക്ടർ, പ്രൊജക്ടർ–സ്ക്രീൻ വാങ്ങൽ പദ്ധതി - ടെണ്ടർ നടപടിക്രമം പാലിച്ചില്ല. | 3-13 | |
| 39 | ഗുണഭോക്തൃതെരഞ്ഞെടുപ്പ്-സർക്കാർ നിർദ്ദേശം പാലിക്കണം | 3-14 | |
| 40 | മോണിട്ടറിംഗ് ഫലപ്രദമല്ല. | 3-15 | |
| ഭാഗം - 4 | | | |
| 41 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 42 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 43 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 44 | വായ്പ/വായ്പ തിരിച്ചടവ് | 4-4 | |

| | | | |
|---|---|---|---|
| 45 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 46 | ഓഡിറ്റ് റിക്കവറി | 4-6 | |
| 47 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 48 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-8 | |
| 49 | ഓഡിറ്റ് പ്രത്യവലോകനം | 4-9 | |
| 50 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 27.03.2017ലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം മുന്നിരിപ്പ് ഉൾപ്പെടെ പ്രതീക്ഷിത വരവ് 23,62,49,500/- രൂപയും പ്രതീക്ഷിത ചെലവ് 23,63,35,000/- രൂപയുമാണ്. യഥാർത്ഥ വരവ് മുന്നിരിപ്പ് ഉൾപ്പെടെ 104765140/- രൂപയും ചെലവ് 93526263/- രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 14.06.18 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | ഓഡിറ്റ് തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 22.6.2018 മുതൽ 23.6.2018 വരെ | കെ എസ്.എ.ടി.വി.എം/ ജി.പി.10/ 1533/2018 തീയതി 6.9.2018 |

## 1-4 സാമ്പത്തിക വിശകലനം

| | | |
|---|---|---|
| മുന്നിരിപ്പ് | : | 14806064.00 |
| വരവ് | : | 89959076.00 |
| ആകെ | : | 104765140.00 |
| ചെലവ് | : | 93526263.00 |
| നീക്കിയിരിപ്പ് | : | 11238877.00 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് പൊതുവിഭാഗം | 0 | 20186794 | 20186794 | 20186794 | 0 |
| വികസന ഫണ്ട് എസ്.സി.പി | 0 | 7068665 | 7068665 | 7068665 | 0 |

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട് ടി.എസ്.പി | 0 | 6951643 | 6951643 | 6951643 | 0 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 7102124 | 7102124 | 7102124 | 0 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 0 | 3716760 | 3716760 | 3716760 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 11335573 | 11335573 | 11335573 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 4330769 | 4330769 | 4330769 | 0 |
| എം.എൻ.ആർ. ഇ.ജി.എസ് * | 144084 | 961402 | 1105486 | 1088327 | 17159 |
| ബി ഫണ്ട് | 0 | 765640 | 765640 | 765640 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 6332249 | 10247000 | 16579249 | 16091422 | 487827 |
| തനത് ഫണ്ട് | 2857894 | 8430932 | 11288826 | 6591680 | 4697146 |
| ഐ.ഒ.ബി. ബി.പി.എൽ | 23848 | 0 | 23848 | 0 | 23848 |
| ഡി.സി.ബി | 23508 | 0 | 23508 | 0 | 23508 |
| നന്ദിയോട് കോ.ബാങ്ക് | 732 | 0 | 732 | 0 | 732 |
| ഇന്ത്യൻ ഓവർസീസ് ബാങ്ക് WGDP | 427 | 0 | 427 | 0 | 427 |
| ട്രഷറി TSB | 6612 | 0 | 6612 | 0 | 6612 |
| ഐ.ഒ.ബി. WGDP | 6362 | 0 | 6362 | 0 | 6362 |
| ജോയിന്റ് വെഞ്ചർ | 2000000 | 4780500 | 6780500 | 6685759 | 94741 |
| ബാങ്ക് ഓഫ് ബറോഡ | 3297217 | 3942158 | 723937 | 1497976 | 5741399 |

*എം.എൻ.ആർ.ഇ.ജി.എസ്* ചെലവ് വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല. RP ഷെഡ്യൂൾ പ്രകാരം ചെലവിൽ 7,06,363/- രൂപയുടെ വ്യത്യാസം ഉണ്ട്.

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | നിർവഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 15 | 2718147 | 15 | 2718147 | 0 | 0 | 100 |
| 2 | വെറ്ററിനറി സർജൻ | 11 | 2756517 | 10 | 2002990 | 0 | 1 | 91 |
| 3 | മെഡിക്കൽ ഓഫീസർ -ഹോമിയോ | 3 | 995000 | 3 | 995000 | 0 | 0 | 100 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 4 | വി.ഇ.ഒ-1 | 10 | 8856495 | 10 | 7794484 | 0 | 0 | 100 |
| 5 | വി.ഇ.ഒ-2 | 6 | 4747181 | 3 | 2378333 | 1 | 2 | 50 |
| 6 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 9 | 2733500 | 8 | 2731865 | 0 | 1 | 89 |
| 7 | സെക്രട്ടറി | 23 | 7828508 | 18 | 7315903 | 0 | 5 | 78 |
| 8 | ഹെഡ്മാസ്റ്റർ | 5 | 1811165 | 5 | 1801645 | 0 | 0 | 100 |
| 9 | അസിസ്റ്റന്റ് എഞ്ചിനീയർ | 126 | 39855006 | 86 | 27756251 | 0 | 40 | 69 |
| 10 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 300000 | 1 | 300000 | 0 | 0 | 100 |
| 11 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 4 | 1411430 | 4 | 1411430 | 0 | 0 | 100 |
| 12 | അസിസ്റ്റന്റ് സെക്രട്ടറി | 7 | 3870950 | 6 | 3486320 | 0 | 1 | 86 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 144084 | 961402 | 1105486 | 1088327 | 17159 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 41945841 | 41945841 | 41945841 | 0 |
| ആകെ | 144084 | 42907243 | 43051327 | 43034168 | 17159 |

*എം.എൻ.ആർ.ഇ.ജി.എസ്* ചെലവ് വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല. RP ഷെഡ്യൂൾ പ്രകാരം ചെലവിൽ 7,06,363/- രൂപയുടെ വ്യത്യാസം ഉണ്ട്.

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 245640 | 417 |
| കർഷകത്തൊഴിലാളി പെൻഷൻ | 6702200 | 2246 |
| വിധവാ പെൻഷൻ | 17631900 | 5874 |
| വാർദ്ധക്യകാല പെൻഷൻ | 31446300 | 9300 |
| വികലാംഗ പെൻഷൻ | 3689000 | 1715 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 520000 | 18 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകളുടെ പെൻഷൻ | 778500 | 256 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ 14.3.19 10.50 A.M.ന് നടത്തുകയുണ്ടായി. പരിശോധനയിൽ 12,475/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണം ഏറെ മെച്ചപ്പെടേണ്ടതുണ്ട്. വരവിനങ്ങളുടെ രജിസ്റ്ററുകൾ ഡി.സി.ബി പത്രിക എന്നിവ കൃത്യതയോടെ എഴുതി സൂക്ഷിക്കുന്നില്ല. ഇത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. നിർവ്വഹണ ഉദ്യോഗസ്ഥർ TR7A പ്രകാരമുള്ള ക്യാഷ് ബുക്ക്, Form No.B-5 പ്രകാരമുള്ള പ്രോജക്ട് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിക്കേണ്ടതാണ് സ്റ്റോക്ക് രജിസ്റ്ററിൽ എല്ലാ രേഖപ്പെടുത്തലുകളും വരുത്തിയിട്ടില്ല. മുൻഗുർ രജിസ്റ്റർ കൃത്യമായ രേഖപ്പെടുത്തലുകളോടെ എഴുതി സൂക്ഷിക്കേണ്ടതാണ്. പൗരാവകാശരേഖ പുറപ്പെടുവിച്ചിട്ടില്ല.

ഫ്രണ്ട് ഓഫീസ് പ്രവർത്തനം

1.പ്രതിമാസ പ്രവർത്തനപരിപാടി ഭരണസമിതി നിരീക്ഷിക്കുന്നില്ല

2.ഫ്രണ്ട് ഓഫീസ് പ്രവർത്തനറിപ്പോർട്ട് തയ്യാറാക്കി സൂക്ഷിക്കുന്നില്ല

3. വില ഈടാക്കുന്ന ഫോമുകൾ വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല.

4. റെക്കോർഡ് റൂം രജിസ്റ്ററുകളുടെ പരിപാലനം എന്നിവ പൂർണ്ണമായിട്ടില്ല.

പദ്ധതി രൂപീകരണവും മോണിറ്ററിംഗും

പദ്ധതി നടത്തിപ്പിൽ അർഹതയില്ലാത്തവർ ഉൾപ്പെടുന്നുണ്ടോ എന്നും അർഹതയുള്ളവർക്ക് ലഭിക്കുന്നുണ്ടോ എന്നും മോണിറ്ററിംഗ് നടക്കുന്നില്ല. (ഖ 3-1 കാണുക). നിർവഹണ ഉദ്യോഗസ്ഥർ ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കുന്നതിൽ കൂടുതൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻെറ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11.1.19 മുതൽ 12.2.19 വരെ | ജനുവരി 1 മുതൽ 31വരെ | ഇല്ല |
| അക്കൗണ്ടൻറ് ജനറലിന്റെ ഓഡിറ്റ് | 20.04.17 മുതൽ 3.5.17 വരെ | 2012-2013 മുതൽ 2016-2017 വരെ | 07.06.17 |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

(1) വാടകകുടിശ്ശികയിനത്തിൽ ലഭിക്കേണ്ട 163680/- (ഖ. 2.7) രൂപ വാർഷിക കണക്ക് പത്രികയുടെ Rent recoverable from building ബാലൻസ് ഇനത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

(2) ഇ.എം.എസ്. ലോൺ ഇനത്തിൽ എക്സ്പെൻഡിച്ചർ പത്രിക പ്രകാരം 22,58,400/- രൂപ ചെലവുണ്ട്. എന്നാൽ ഇത് വാർഷിക ധനകാര്യ പത്രികയിൽ പ്രതിഫലിച്ചിട്ടില്ല. ആയതിനാൽ 22,58,400/- രൂപ ബി5-ഷെഡ്യൂളിൽ അധികം നിലനിൽക്കുന്നു.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ബജറ്റ് രൂപീകരണം- നടപടിക്രമം പാലിച്ചില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പ് പ്രകാരം സർക്കാർ അതതു സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും ചട്ടങ്ങളും പ്രകാരം ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിശദവിവരം ചുവടെ

ചേർക്കുന്നു.

| ക്രമ നം | ഇനം | നടപടിക്രമം | ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടി |
|---|---|---|---|
| 1 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രൊപ്പോസൽ ആവശ്യപ്പെടൽ | ഡിസംബർ 15-ന് മുൻപ് | 3.2.17-ലെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി പ്രകരം |
| 2 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രൊപ്പോസലുകൾ ഘടകസ്ഥാപനങ്ങൾ സമർപ്പിക്കൽ | ജനുവരി 15-ന് മുൻപ് | 15.02.17 ന് സമർപ്പിച്ചു |
| 3 | ക്രോഡീകരണത്തിനായി വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ ചേരൽ | ജനുവരി 25-ന് മുൻപ് | 18.02.17 ന് സമർപ്പിച്ചു |
| 4 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ വയ്ക്കൽ,ക്രോഡീകരണം | ഫെബ്രുവരി 1-ന് മുൻപ് | 27.02.17 സ്റ്റാന്റിംഗ് കമ്മറ്റി ക്രോഡീകരിച്ചു |
| 5 | ബജറ്റ് വർഷത്തേക്കുള്ള വാർഷിക പദ്ധതി അംഗീകാരം | ഫെബ്രുവരി 28-ന് മുൻപ് | 31.05.17 ന് അംഗീകരിച്ചു |
| 6 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി കരട് ബജറ്റ് നിർമ്മാണം/അംഗീകരിക്കൽ | മാർച്ച് 1-ന് മുൻപ് | 23.03.17ന് അംഗീകരിച്ചു |
| 7 | കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | മാർച്ച് 7-ന് മുൻപ് | 27.03.17 ന് രാവിലെ 11 മണിക്ക് അവതരിപ്പിച്ചു |
| 8 | അന്തിമ ബജറ്റ് അംഗീകാരത്തിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | മാർച്ച് 31-ന് മുൻപ് | 27.03.17 ന് ഉച്ചയ്ക്ക് ശേഷം അംഗീകരിച്ചു |

എന്നാൽ നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസലുകൾ ഘടകസ്ഥാപനങ്ങൾ സമർപ്പിച്ചതിന്റെയും ആയത് ക്രോഡീകരിച്ചതിന്റെയും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ബജറ്റ് രൂപീകണവുമായി ബന്ധപ്പെട്ട ഫയൽ പരിശോധനയ്ക്കായി ഓഡിറ്റ് എൻക്വയറി -19 പ്രകാരം ആവശ്യപ്പെട്ടെങ്കിലും ആയത് ഹാജരാക്കിയില്ല.

പഞ്ചായത്ത് രാജ് നിയമത്തിലെ 214(6) വകുപ്പ് പ്രകാരം അനിവാര്യമായ ഒരു അടിയന്തിര സാഹചര്യത്തിലൊഴികെ ചെലവ് ചെയ്യുന്ന സമയത്ത് ബജറ്റ് എസ്റ്റിമേറ്റിൽ ഉൾപ്പടുത്തിയിട്ടില്ലാത്ത യാതൊരു തുകയും പഞ്ചായത്തോ അഥവാ പഞ്ചായത്തിന് വേണ്ടിയോ ചെലവഴിക്കാൻ പാടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മാത്രമല്ല 214(8) വകുപ്പ് പ്രകാരം ബജറ്റിൽ വകയിരുത്തിയതിൽ കവിഞ്ഞ് തുക ചെലവഴിക്കാൻ പാടില്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ബജറ്റിൽ വകയിരുത്താതെയും ബജറ്റിനെ അധികരിച്ചും തുക ചെലവഴിച്ചിട്ടുണ്ട്. പാസ്സാക്കിയ ബജറ്റിൽ നിന്ന് വ്യതിചലിച്ച് ചെലവ് ചെയ്യേണ്ട സാഹചര്യം പ്രതീക്ഷിക്കുന്നെങ്കിൽ അപ്രകാരം ചെലവ് ചെയ്യുന്നതിന് മുമ്പ് സപ്ലിമെന്ററി ബജറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ അവതരിപ്പിക്കുകയും ഭരണസമിതി അംഗീകരിക്കുകയും വേണം.

എന്നാൽ അത്തരത്തിൽ സപ്ലിമെന്ററി ബജറ്റ് പാസ്സാക്കിയിട്ടില്ല. മാത്രമല്ല ബജറ്റിൽ വകയിരുത്താതെയും ബജറ്റിനെ അധികരിച്ചും തുക ചെലവഴിച്ചിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തെ ബജറ്റിനൊപ്പം പാസ്സാക്കിയ റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം ബജറ്റിനെ അധികരിച്ച് ചെലവ് ചെയ്തതിന്റെ ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ | ഇനം | ഹെഡ് ഓഫ് | ബജറ്റ് | എ.എഫ്.എസ്. |
|---|---|---|---|---|

| നം | | അക്കൗണ്ട് | പ്രകാരമുള്ള തുക | പ്രകാരമുള്ള തുക |
|---|---|---|---|---|
| 1 | കൃഷിയും അനുബന്ധ മേഖലയും – മറ്റ് വിളകൾ | 2501002 | 200000 | 2187687 |
| 2 | കൃഷിയും അനുബന്ധ മേഖലയും – ക്ഷീര വികസനം | 2501005 | 0 | 450000 |
| 3. | കൃഷിയും അനുബന്ധ മേഖലയും – മാർക്കറ്റിംഗ് | 2501028 | 0 | 50000 |
| 4 | മൃഗസംരക്ഷണം – ആട് വളർത്തൽ | 2501032 | 250000 | 786370 |
| 5 | മൃഗസംരക്ഷണം – മുട്ടക്കോഴി വളർത്തൽ | 2501035 | 300000 | 584750 |
| 6 | ഭവന നിർമ്മാണം | 2513001 | 2605000 | 9202820 |
| 7 | ഹൈസ്കൂൾ വിദ്യാഭ്യാസം | 2511003 | 0 | 42400 |
| 8 | എസ്.എസ്.എ | 2511006 | 0 | 900000 |

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കുന്ന സുപ്രധാന രേഖയാണ് ബജറ്റ്. വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ്-ചെലവുകൾ കണക്കിലെടുത്തു ബജറ്റ് തയ്യാറാക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതോടൊപ്പം ബജറ്റിനെ അതിലംഘിക്കുന്ന ചെലവുകൾ ഉണ്ടാകാതിരിക്കാനും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ശ്രദ്ധിക്കേണ്ടതാണ്.

## 2-2 തൊഴിൽ നികുതി ഈടാക്കാത്തതിനാൽ വരുമാന നഷ്ടം.

*എ) പഞ്ചായത്തിൽ പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയില്ല*

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങൾ, ചട്ടം 3, 4 എന്നിവ അനുസരിച്ച് ഗ്രാമപഞ്ചായത്ത് മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് ഓരോ അർദ്ധവർഷവും തൊഴിൽ നികുതി ഈടാക്കേണ്ടതുണ്ട്.

സഞ്ചയ പ്രകാരം ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന കെട്ടിടങ്ങൾ ആഡിറ്റോറിയങ്ങൾ, ലോഡ്ജുകൾ എന്നിവയിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

*ആഡിറ്റോറിയങ്ങൾ*

| ക്രമ നം | കെട്ടിട നമ്പർ | ഉടമസ്ഥൻ/വിലാസം |
|---|---|---|
| 1. | 3/17/A, 3/17/B, 3/17/C | പാലോട് വൃന്ദാവൻ കൺവൻഷൻ സെന്റർ |
| 2. | 3/760 | അൻസാരി |
| 3. | 6/96 | ഷുക്കൂർ,കരുപ്പൂഴ, ഇളവെട്ടം |
| 4. | 13/333 | ആർ.സി.പള്ളി, ഇളവെട്ടം |
| 5. | 14/179 | സിഎസ്ഐ ചർച്ച് |

*ലോഡ്ജുകൾ*

| ക്രമ നം | കെട്ടിട നമ്പർ | ഉടമസ്ഥൻ/വിലാസം |
|---|---|---|

| | | |
|---|---|---|
| 1. | 3/43,<br>3/44,<br>3/45,<br>3/46,<br>3/47,<br>3/48,<br>3/49,<br>3/50,<br>3/51 | അഭിലാഷ്, സുരഭി ബിൽഡിംഗ് |
| 2. | 3/465,<br>3/465/1,<br>3/465/10 –3/465/19,<br>3/465/2,<br>3/465/20 – 3/465/22,<br>3/465/3,<br>3/465/4,<br>3/465/9 | ഡോ. ഫ്രാൻസിസ്.<br>സെഹിയോൺ ലോഡ്ജ് |
| 3. | 4/401 | ആകാശ് വീട്, നന്ദിയോട് |
| 4. | 5/469 – 5/474,<br>5/476 | രാധാ മന്ദിരം |

സഞ്ചയ പ്രകാരം 5/73, 5/76, 5/81 എന്നീ കെട്ടിടങ്ങളിൽ ഭാരത് സ്കൗട്സ് & ഗൈഡ്സിന്റെ ഓഫിസും 15/289-ൽ ഖാദി ബോർഡും പ്രവർത്തിക്കുന്നു. എന്നാൽ പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.10നുള്ള മറുപടിയിൽ ആയത് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കുന്നതോടൊപ്പം നികുതി പൂർണ്ണമായും പിരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ശ്രദ്ധിക്കേണ്ടതുണ്ട്.

*ബി) സ്ഥാപന നികുതി ഈടാക്കാത്തതിനാൽ പഞ്ചായത്തിന് വരുമാന നഷ്ടം*

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 204-ാം വകുപ്പ് , 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങൾ, ചട്ടം 3, 4 എന്നിവ അനുസരിച്ച് ഗ്രാമപഞ്ചായത്ത് മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് ഓരോ അർദ്ധവർഷവും തൊഴിൽനികുതി ഈടാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങൾ സ്ഥാപന നികുതി അടവാക്കിയിട്ടില്ല.

1. M/sRiver valley Packaged/Drinking water Project,
2. ക്ഷീരോൽപാദന സഹകരണസംഘം, നന്ദിയോട്,
3. നന്ദിയോട് ജോയിന്റ് ഫാമിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി.

പ്രസ്തുത സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപക നികുതി ആവശ്യപ്പെട്ട് ഡിമാന്റ് നേട്ടീസ് നൽകിയിട്ടുണ്ടെന്ന് ഓഡിറ്റ് എൻക്വയറി നം.10 നുള്ള മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുതസ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-3 ഡോക്ടർമാർ, പാരാമെഡിക്കൽ വിദഗ്ദ്ധർ, കരാറുകാർ എന്നിവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204 പ്രകാരം ആകെ 60 ദിവസത്തിൽ കുറയാതെ പഞ്ചായത്ത് പ്രദേശത്ത് ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളും ഓരോ അർദ്ധ വർഷവും തൊഴിൽ നികുതി അടയ്ക്കേണ്ടതാണ്.

സ്വകാര്യ ആശുപത്രി/പാരാമെഡിക്കൽ രജിസ്ട്രേഷൻ രജിസ്റ്റർ പ്രകാരം രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങളിലെ ഡോക്ടർമാർ, പാരാമെഡിക്കൽ വിദഗ്ധർ എന്നിവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയതിന്റെ രേഖകൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.10 നുള്ള മറുപടിയിൽ Brothers Medical care & Diagnostic centre എന്ന സ്ഥാപനത്തിലെ ഡോക്ടർമാർ, പാരാമെഡിക്കൽ വിദഗ്ധർ എന്നിവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയതിന്റെ രേഖകൾ മാത്രമാണ് ഹാജരാക്കിയത്.

കൂടാതെ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന 19 റേഷൻകടകളുടെ ലൈസൻസികളിൽ നിന്നും പഞ്ചായത്ത് പ്രദേശത്ത് ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന കരാറുകാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ലെന്ന് എൻക്വയറി നം.26 നുള്ള മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്ട്സ് പരിശോധിച്ചതിൽ വിഭവസമാഹരണത്തിന്റെ ചോർച്ച ഒഴിവാക്കുന്നതിനുള്ള ഫലപ്രദമായ നിർദ്ദേശങ്ങളോ തീരുമാനങ്ങളോ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ നിന്ന് ഉണ്ടായിട്ടില്ല. വിഭവസമാഹരണം ഫലപ്രദമായി നടക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് തൊഴിൽ നികുതി ചോർച്ച ഒഴിവാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 2-4 സ്വകാര്യ ആശുപത്രി/പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷനില്ലാതെ പ്രവർത്തിക്കുന്നു.

സഞ്ചയ പ്രകാരം ഗ്രാമപഞ്ചായത്തിൽ താഴെപ്പറയുന്ന കെട്ടിടങ്ങൾ സ്വകാര്യ ആശുപത്രി/പാരാമെഡിക്കൽ സ്ഥാപനങ്ങളായി പ്രവർത്തിക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉടമസ്ഥൻ/വിലാസം |
|---|---|---|
| 1. | 2/265 | സിഎസ്ഐ ആശുപത്രി |
| 2. | 3/31 | സാവിത്രി അമ്മ, ശിവനിവാസ് |
| 3. | 6/577,6/578,6/579,6/580 | റസിയ, ആർഷാ നിവാസ് |

പ്രസ്തുത സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന നികുതി, ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ലെന്നും ആയത് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും ഓഡിറ്റ് എൻക്വയറി നം.10 നുള്ള മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

സ്വകാര്യ ആശുപത്രി/പാരാമെഡിക്കൽ രജിസ്ട്രേഷൻ രജിസ്റ്റർ പ്രകാരം രജിസ്ട്രേഷൻ ഇനത്തിൽ 800/- രൂപ വരവ് വന്നിട്ടുണ്ട്. എന്നാൽ AFS പ്രകാരം 650/- രൂപ മാത്രമേ വരവ് വന്നിട്ടുള്ളൂ. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.10ന് വ്യക്തമായ മറുപടി ലഭ്യമാക്കിയില്ല.

രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് 1997-ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങളിലെ ചട്ടം 8 പ്രകാരം പിഴ ഈടാക്കുന്നതിനും

ആയവ രജിസ്റ്റർ ചെയ്യുന്നതിലുള്ള അടിയന്തിര നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. മേൽ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 2-5 വാടക കുടിശ്ശിക ഈടാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ 8 കടമുറികളും മാർക്കറ്റിലെ 25 കടമുറികളും മാർക്കറ്റിലെ 5 ഓപ്പൺ സ്റ്റാളുകളും വാടകയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ Rent Register പരിശോധിച്ചതിൽ താഴെ പറയുന്ന കടമുറികളിൽ നിന്നും 2017-18 സാമ്പത്തിക വർഷത്തിൽ വാടക ലഭിച്ചിട്ടില്ല.

| ക്രമ നം. | കടമുറി നം. | വാടകക്കാരൻ | നൽകേണ്ട വാടക |
|---|---|---|---|
| 1. | MKS IX, NP II/917 | സജ്ജു, പാറമുകളിൽ വീട് | 3960 x 12 = 47520 |
| 2. | MSK XIV | റോഡ്നി, റോഡ്നി ഗാർഡൻ | 4290 x 12 = 51480 |
| 3. | MDS III | ജലാലുദ്ദീൻ, ഷഹന മൻസിൽ | 5390 x 12 = 64680 |
| | ആകെ | | 163680/- |

19.9.2017-ലെ 5/9-ാം നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് വക ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികൾ ലേലം കൊണ്ടവരിൽ നിന്ന് നാളിതുവരെയും എഗ്രിമെന്റ് വയ്ക്കാത്തവർക്കെതിരെയും വാടക കുടിശ്ശിക വരുത്തിയവർക്കെതിരെയും കർശന നടപടി സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട കക്ഷികൾക്ക് നോട്ടീസും നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ വാടക കുടിശ്ശിക അടവാക്കിയിട്ടില്ല. പ്രസ്തുത കുടിശ്ശിക പഞ്ചായത്തിന്റെ വരുമാന നഷ്ടമായി കണക്കാക്കുന്നു.
സ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയത്തിൽ അടിയന്തിര ഇടപെടൽ നടത്തേണ്ടതുണ്ട്.

## 2-6 വാടക ഇനത്തിലുള്ള വരവിലും കുടിശ്ശികയിലും വ്യക്തതയില്ല

വാടക രജിസ്റ്ററിൽ തയ്യാറാക്കിയിട്ടുള്ള DCB പത്രിക പ്രകാരം വാടക ഇനത്തിലുള്ള വരവിന്റെയും കുടിശ്ശികയുടെയും വിവരം ചുവടെ ചേർക്കുന്നു.

| ഡിമാന്റ് | | | കളക്ഷൻ | | | ബാലൻസ് |
|---|---|---|---|---|---|---|
| അരിയർ | കറണ്ട് | ആകെ | അരിയർ | കറണ്ട് | ആകെ | |
| 223213 | 454968 | 678181 | 13066 | 450329 | 463395 | 214786 |

AFSന്റെ Balance sheet പ്രകാരം Rent receivable from Buildings(current) ഇനത്തിൽ 4639/- രൂപയും Rent receivable from Buildings(arrear) ഇനത്തിൽ 210147/- രൂപയും ചേർത്ത് ആകെ 214786/-രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത കുടിശ്ശികയുടെ വിശദാംശം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 17നുള്ള മറുപടിയിൽ കുടിശ്ശിക വരുത്തിയ വാടകക്കാർക്ക്, കുടിശ്ശിക ഈടാക്കുന്നതിനായി കത്ത് നൽകിയതിന്റെ പകർപ്പ് ഹാജരാക്കുന്നു. എന്ന് അറിയിച്ചിട്ടുണ്ടെങ്കിലും ആയത് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. എന്നാൽ 2017-18 സാമ്പത്തിക വർഷത്തിൽ MKS IX,NP II/917, MSK XIV,MDS III എന്നീ കടമുറികളിൽ നിന്ന് വാടക ഇനത്തിൽ 1,63,680/- രൂപ കുടിശ്ശികയുണ്ടെങ്കിലും 4639/- രൂപ

മാത്രമാണ് തൻവർഷ കുടിശ്ശികയായി രേഖപ്പെടുത്തിയിട്ടുള്ളത്.

## 2-7 മാർക്കറ്റ് റസീപ്റ്റ്, പബ്ലിക്ക് കംഫർട്ട് സ്റ്റേഷൻ വരവ് ഇനങ്ങളിൽ ഉള്ള കുടിശ്ശിക അടിയന്തിരമായി പിരിച്ചെടുക്കണം

2017-18 ലെ AFSന്റെ Balance sheet പ്രകാരം മാർക്കറ്റ് റസീപ്റ്റ്, Public Comfort station റസീപ്റ്റ് ഇനങ്ങളിൽ ഉള്ള കുടിശ്ശികയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

Receivables towards Market receipt (arrears) – 45996/-
Receivables towards Public Comfort station (arrears) - 4100/-

കുടിശ്ശിക വരുത്തിയവരുടെ വിശദാംശവും ആയത് ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരവും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 17 നുള്ള മറുപടിയിൽ വാടക കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായി അറിയിട്ടിട്ടുണ്ട്.

വാടകയിനത്തിൽ കിട്ടാനുള്ള കുടിശ്ശിക ഈടാക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുന്നതിനും വാടകയിനത്തിൽ വരുമാന ചോർച്ച ഇല്ലാതാക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 2-8 ഗുണഭോക്തൃ വിഹിതം ഇനത്തിൽ നീക്കിയിരിപ്പുള്ള 9399/- രൂപ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്

ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ എ.എഫ്,എസ് - ലെ ബി-4 ഷെഡ്യൂളിൽ Benificiary Contribution 11,899/- രൂപ നീക്കിയിരിപ്പുണ്ട്.

പ്രസ്തുത നീക്കിയിരുപ്പുകൾ ഏത് പ്രോജക്റ്റുമായി ബന്ധപ്പെട്ടതാണെന്ന് വിശദമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി-19 നുള്ള മറുപടിയിൽ വെറ്ററിനറി സർജൻ നിർവഹിച്ച 2017-18 -ലെ മുട്ടക്കോഴി വളർത്തൽ പദ്ധതിയ്ക്കായി അടച്ച 2,500/- രൂപയും ബാക്കി തുക മുൻ വർഷങ്ങളിലുള്ള തുകയുമാണെന്നാണ് വ്യക്തമാക്കിയിട്ടുണ്ട്.

2017-18-ൽ ഗുണഭോക്തൃ വിഹിതം ഇനത്തിൽ നീക്കിയിരിപ്പുള്ള തുക പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കൾക്ക് തിരികെ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ ഗുണഭോക്തൃ വിഹിതം ഇനത്തിൽ മുൻ വർഷങ്ങളിൽ നീക്കിയിരിപ്പുള്ള 9,399/- രൂപ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-9 ഡ്രൈവിംഗ് സ്കൂളുകൾ പഞ്ചായത്ത് സ്റ്റേഡിയം ഉപയോഗിക്കുന്നതിന് വാടക ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ സ്റ്റേഡിയം ഡ്രൈവിംഗ് സ്കൂളുകൾ ഡ്രൈവിംഗ് പരിശീലനത്തിനായി ഉപയോഗിക്കുന്നുണ്ട്. എന്നാൽ സ്റ്റേഡിയം ഡൈവിംഗ് പരിശീലനത്തിനായി ഉപയോഗിക്കുന്നതിന് വാടക ഈടാക്കുന്നില്ലെന്ന് ഓഡിറ്റ് എൻക്വയറി-34നുള്ള മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. നന്ദിയോട് ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഡ്രൈവിംഗ് സ്കൂളുകൾ 2017-18 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യിട്ടില്ലെന്ന് മാത്രമല്ല ഡൈവിംഗ് സ്കൂളുകളിലെ ജീവനക്കാർ തൊഴിൽ നികുതി അടവാക്കിയിട്ടുമില്ല.

ഗ്രാമപഞ്ചായത്തിന്റെ സ്റ്റേഡിയം ഉപയോഗിക്കുന്നതിന് വാടകയും, ഡ്രൈവിംഗ് സ്കൂളുകളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതിയും, രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്ന ഡ്രൈവിംഗ് സ്കൂളുകളെ (1997-ലെ കേരള പഞ്ചായത്ത് രാജ് ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ചട്ടം) രജിസ്റ്റർ ചെയ്യിക്കുന്നതിനു അടിയന്തിര നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. മേൽ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 2-10 വൃന്ദാവൻ കൺവെൻഷൻ സെന്റർ - D&O ലൈസൻസ് എടുത്തിട്ടില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 232-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഡി & ഒ ലൈസൻസ് പ്രകാരമാണ് പ്രവർത്തിക്കേണ്ടത്.

സഞ്ചയ പ്രകാരം നന്ദിയോട് ഗ്രാമപഞ്ചായത്തിൽ 3/17/A, 3/17/B, 3/17/C എന്നീ കെട്ടിടങ്ങളിൽ പാലോട് വൃന്ദാവൻ കൺവെൻഷൻ സെന്റർ എന്ന സ്ഥാപനം പ്രവർത്തിക്കുന്നു. D&O രജിസ്റ്റർ പ്രകാരം പ്രസ്തുത സ്ഥാപനത്തിന് D&O ലൈസൻസ് നൽകിയിട്ടില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി - 33 നുള്ള മറുപടിയിൽ D&O ലൈസൻസ് എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനം ലൈസൻസ് എടുത്തുവെന്ന് ഉറപ്പുവരുത്തുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 2-11 യന്ത്രത്തിന്റെ കുതിര ശക്തിയുടെ അടിസ്ഥാനത്തിൽ ഫീസ് ഈടാക്കിയിട്ടില്ല.

D&O രജിസ്റ്റർ പ്രകാരം D&O ലൈസൻസ് എടുത്ത താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് യന്ത്രങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് യന്ത്രത്തിന്റെ കുതിരശക്തിയുടെ അടിസ്ഥാനത്തിൽ ഫീസ് ഈടാക്കിയിട്ടില്ല.

| ക്രമ നം. | കെട്ടിട നമ്പർ | സ്ഥാപനത്തിന്റെ പേര് | HP | ഈടാക്കേണ്ട ഫീസ് |
|---|---|---|---|---|
| 1. | 8/4532 | എസ്.എസ്.ഓയിൽ & ഫ്ലോർ മിൽ | 10HP | 100 |
| 2. | 8/233,8/757 | ധനശ്രീ മോട്ടോഴ്സ് | 1HP | 50 |
| 3. | 17/4എ | ധനശ്രീ ഹോണ്ട | 1HP | 50 |
| 4. | 6/14 | ഒയാസിസ് എന്റർപ്രൈസസ് | 1HP | 50 |
| 5. | 4/476 | ശ്രീ ശാസ്താ എൻജി. വർക്ക്സ് | 2.5HP | 50 |
| 6. | 10/413,414 | അനന്തപുരി ഫാം | 10HP | 100 |
| 7. | 4/385എ | ഐശ്വര്യ ഹോളോബ്രിക്സ് | 7.5HP (as per pollution certificate) | 100 |

| | | | | |
|---|---|---|---|---|
| 8. | 8/119 | എസ്.എസ്.ഫ്ലോർ & ഓയിൽ മിൽ | 10HP (50 രൂപ മാത്രമേ ഈടാക്കിയുള്ളൂ) | 100-50 = 50 |
| 9. | 7/13 | എസ്.ബി.ഹോളോ ബ്രിക്സ് | 4HP | 50 |
| 10. | 15/152(എ) | സൂര്യ റൈസ് മിൽ | 10HP (as per pollution certificate) | 100 |
| 11. | 17/468(സി) | നിരപ്പത് ഫ്ലോർ മിൽ | 7.5HP | 100 |
| 12. | 6/1-എഫ് | എം.എസ് ഫ്ലോർ മിൽ | 11HP | 200 |
| | ആകെ | | | 1000 |

ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി - 33 നുള്ള മറുപടിയിൽ ഫീസ് ഈടാക്കി ഓഡിറ്റിനെ വിവരം അറിയിക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത തുക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. മേൽ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 2-12 ഇ-ടെണ്ടർ പ്രവൃത്തികളുടെ ഫാറവില ജില്ലാ പഞ്ചായത്തിൽ നിന്നും ലഭ്യമായിട്ടില്ല.

2017-18 സാമ്പത്തിക വർഷം ഇ-ടെണ്ടർ ചെയ്ത പ്രവൃത്തികളിൽ നിന്നും 1,53,645/- രൂപ ഗ്രാമ പഞ്ചായത്തിന് ലഭിക്കുവാനുണ്ട്.ആയത് ലഭ്യമാക്കുവാനുള്ള നടപടികൾ ഒന്നും തന്നെ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. ഇ-ടെണ്ടർ പ്രവൃത്തികളുടെ ഫാറവില ലഭ്യമാക്കാൻ വേണ്ട നടപടികൾ ഊർജ്ജിതമാക്കേണ്ടതും ഈ വിഷയത്തിൽ ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയുടെ അടിയന്തര ശ്രദ്ധ പതിയേണ്ടതുമാണ്.

## 2-13 മരാമത്ത് പ്രവൃത്തികളിൽ കരാർ ചമയ്ക്കാൻ കാലതാമസം

നിയമാനുസൃത പിഴ ഈടാക്കിയില്ല. നഷ്ടം 31057/- കേരളാ പൊതുമരാമത്ത് വകുപ്പ് മാന്വൽ 2012 സെക്ഷൻ 2009.6 പ്രകാരം സെലക്ഷൻ നോട്ടീസ് അയച്ച് 14 ദിവസത്തിനകം കരാറുകാരൻ തദ്ദേശ സ്ഥാപനവുമായി കരാർ ചമയ്ക്കേണ്ടതാണ്. (രജി.പോസ്റ്റ്, കുറിയർ, ഇ-മെയിൽ, ടെലഗ്രാം, എസ്.എം.എസ് എന്നിവയായി സെലക്ഷൻ നോട്ടീസ് അയയ്ക്കാവുന്നതാണ്. സെലക്ഷൻ നോട്ടീസ് അയച്ച തീയതി കൈപ്പറ്റിയ തീയതിയായി കണക്കാക്കുന്നു). 14 ദിവസത്തിനു ശേഷം 10 ദിവസത്തിനകം കരാർ ചമച്ചാൽ PAC യുടെ 1% പിഴ ഈടാക്കണം. എന്നാൽ കരാർ ചമയ്ക്കാൻ കാലതാമസം ഉണ്ടായ പ്രവൃത്തികളിൽ നിന്നും ഗ്രാമ പഞ്ചായത്ത് പിഴ ഈടാക്കിയതായി കാണുന്നില്ല. ആയതിനാൽ ഈയിനത്തിൽ വരവ് നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| | പ്രവൃത്തിയുടെ പേര് അടങ്കൽ | കരാറുകാരൻ | PAC | സെലക്ഷൻ നോട്ടീസ് അയച്ച തീയതി | കരാർ ചമച്ച തീയതി | ഈടാക്കേണ്ടിയിരുന്ന പിഴ |
|---|---|---|---|---|---|---|
| 1. | ആലം പാറ ദേവീക്ഷേത്രം റോഡ് റീടാറിംഗ് (176/18) | ടിറ്റു.കെ.പി | 163588/- | 29.9.2017 | 2.11.2017 | 1636/- |

| | | | | | | |
|---|---|---|---|---|---|---|
| | 163589/- | | | | | |
| 2. | മുത്തുകാവ് സി.എസ്ഐ.ജംഗ്ഷൻ റോഡ് റീടാറിംഗ് (58/18) 1999661/- | സുനിൽലാൽ | 1959915/- | 29.4.2017 | 11.09.17 | 19599/- |
| 3. | വേമ്പ് മരുതും മൂട് റോഡ് റീടാറിംഗ് (179/18) 982225/- | സി.കുമാരൻ | 982224 | 29.9.2017 | 21.10.17 | 9822/- |
| | ആകെ | | | | | 31057/- |

മേൽ സൂചിപ്പിച്ച എല്ലാ പ്രവൃത്തികൾക്കും കാലാവധിക്ക് ശേഷമാണ് കരാർ ചമച്ചിരിക്കുന്നത് എന്നാൽ നിയമാനുസൃത പിഴ ഈടാക്കാത്തതിനാൽ പഞ്ചായത്ത് ഫണ്ടിന് 31,057/- രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. ടി വിവരം ഓഡിറ്റ് എൻക്വയറി നം 28/2019 പ്രകാരം നിർവഹണ ഉദ്യോഗസ്ഥനെ ബോധ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും ലഭ്യമാക്കിയ മറുപടിയിൽ ക്രമ നം. 1,ൽ 3 എന്നിവയ്ക്ക് കരാർ ചമയ്ക്കാൻ വൈകിയതിന്റെ കാരണം വിശദീകരിച്ചിട്ടില്ല. ക്രമ നം. 2 ന് സ്പിൽ ഓവർ അംഗീകാരം വൈകിയതിനാലാണ് കരാർ ചമയ്ക്കാൻ വൈകിയതെന്ന മറുപടി അംഗീകരിക്കാനും കഴിയില്ല. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്. പിഴ തുക ഈടാക്കി അടയ്ക്കേണ്ട ഉത്തരവാദിത്തം നിർവഹണ ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല-537000/-രൂപ തടസ്സം ചെയ്യുന്നു.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2017-18 വർഷം നടപ്പിലാക്കിയ പദ്ധതികളിൽ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു

| ക്രമ നം. | പ്രോജക്റ്റിന്റെ പേര്/നം. | അടങ്കൽ തുക | ചെലവ് തുക | റിമാർക്സ് |
|---|---|---|---|---|
| 1 | ഐ.കെ.എം വിഹിതം നൽകൽ S0003/18 | വികസനഫണ്ട്-100000 | Bill No. 3/17-18 /20.7.17-100000 | ഐ.കെ.എം ന് പ്രസ്തുത തുക അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുണ്ടെങ്കിലും വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല |
| 2 | ജലശ്രീ പ്രോജക്റ്റ് SO94/18 | വികസനഫണ്ട്-100000 | Bill No. 16/17-18 /20.10.17-100000 | ജില്ലാപഞ്ചായത്തിന് പ്രസ്തുത തുക കൈമാറിയിട്ടുണ്ടെങ്കിലും വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. |
| 3 | പനങ്ങോട് ജംഗ്ഷൻ പെരിങ്ങമ്മല പൈപ്പ് ലൈൻ നീട്ടൽ SOO53/18 | വികസനഫണ്ട്-200000 | Bill No 34/17-18 /-189000 | വാട്ടർ അതോറിറ്റിയിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും വിനിയോഗസാക്ഷ്യപത്രം, എഗ്രിമെന്റ് , കൈപ്പറ്റ് രസീത് എന്നിവ ലഭ്യമാക്കിയിട്ടില്ല |
| 4 | SOO95/18 കുടിവെള്ള വിതരണം | വികസനഫണ്ട് (ധനകാര്യ കമ്മീഷൻ) 1000000 | 17/24.10.17-148000 | വാട്ടർ അതോറിറ്റിയിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലം വിനിയോഗസാക്ഷ്യപത്രം, എഗ്രിമെന്റ് , കൈപ്പറ്റ് രസീത് എന്നിവ ലഭ്യമാക്കിയിട്ടില്ല |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 9ന് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വിനിയോഗസാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 5,37,000/-രൂപ

തടസ്സം ചെയ്യുന്നു. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-2 യൂത്ത് സ്റ്റേഡിയത്തിൽ ഹാലജൻ എൽ.ഇ.ഡി.ലൈറ്റ് സ്ഥാപിക്കൽ- വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം. | - SO121/18 |
| പേര് | - പഞ്ചായത്ത് സ്റ്റേഡിയത്തിൽ ഹാലജൻ എൽ.ഇ.ഡി.ലൈറ്റ് സ്ഥാപിക്കൽ |
| നിർവഹണം | - സെക്രട്ടറി |
| അടങ്കൽ | - വികസന ഫണ്ട് 1,18,500/- |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | - 1,25,000/- |
| ചെലവ് | - ബിൽ നം.25/17-18/23.1.18 – 125000/- 24/23.1.18 – 89000/- |

പഞ്ചായത്ത് സ്റ്റേഡിയത്തിൽ രാത്രികാലങ്ങളിൽ കലാകായികമേള നടക്കുമ്പോൾ പ്രകാശം ലഭിക്കുന്നതിന് ഹാലജൻ എൽ.ഇ.ഡി ലൈറ്റ് സ്ഥാപിക്കാൻ പൊതുമരാമത്ത് വകുപ്പ് വൈദ്യുത വിഭാഗത്തിനോട് എസ്റ്റിമേറ്റ് ആവശ്യപ്പെടുകയും ഇ & റ്റി/ഡിബി 2/3664/17 date 17.10.17 പ്രകാരം ജി.എസ്.ടി നിരക്ക് ഉൾപ്പെടുത്താതെ 2,14,000/- രൂപയുടെ എസ്റ്റിമേറ്റ് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. 27.10.17ലെ തീ 1(16)പ്രകാരം 2,14,000/-രൂപ ഡെപ്പോസിറ്റ് ചെയ്യുന്നതിന് ഭരണസമിതി അംഗീകാരം നൽകുകയും മേൽ ബിൽ പ്രകാരം തുക പിൻവലിച്ച് തുക ഡെപ്പോസിറ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു

എ) പി.ഡബ്ള്യു.ഡി ഇലക്ട്രിക്കൽ സെക്ഷനുമായി കരാർ വച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ബി) എസ്റ്റിമേറ്റിൽ ജി.എസ്.ടി. ഉൾപ്പെടുത്തിയിട്ടില്ല

സി) പ്രസ്തുത പദ്ധതിയുടെ വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

ഇത് സംബന്ധിച്ച എൻക്വയറി നം.23ന് 2018 മെയ് മാസം മുതലാണ് പഞ്ചായത്ത് ജി.എസ്.ടി രജിസ്ട്രേഷൻ നടത്തിയിട്ടുള്ളതെന്നും പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ലായെന്നും അറിയിച്ചു. വിനിയോഗസാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 2,14,000/-രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-3 തെരുവുവിളക്കുകളുടെ വാർഷിക മെയിന്റനൻസ്-അപാകതകൾ

സർക്കുലർ നമ്പർ 3055/ഡി.എ/3/11തീയ്യതി 15.09.11ന്റെ ഖണ്ഡിക 2(ബി) പ്രകാരം തെരുവ് വിളക്കുകളുടെ വാർഷിക മെയിന്റനൻസ് കരാറിലേർപ്പെടുന്നതിന് മുമ്പ് കെ.എസ്.ഇ.ബിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിരിക്കണമെന്നും ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമായിരിക്കണം കരാർ എന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ തെരുവുവിളക്ക് രജിസ്ററർ പരിപാലിക്കുകയോ കെ.എസ്.ഇ.ബിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി തെരുവുവിളക്കുകളുടെ എണ്ണം കണക്കാക്കുകയോ ചെയ്തിട്ടില്ല (എൻക്വയറി 6ന്റെ മറുപടി) തെരുവു വിളക്ക് പരിപാലനത്തിനായി വാർഡ് തല മോണിറ്ററിംഗ് സമിതികൾ രൂപീകരിക്കുകയോ തെരുവുവിളക്കുകളിൽ കേടായ സാധനങ്ങളുടെ വിവരം അതാത് ദിവസം അൺസർവീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർക്കുകയോ സാമ്പത്തിക വർഷാവസാനം സ്റ്റോക്ക് ഇൻ രജിസ്ററും സ്റ്റോക്ക് ഔട്ട് രജിസ്റ്ററും റീക്കൺസിൽ ചെയ്തതായി ഉറപ്പു വരുത്തുകയോ ചെയ്തിട്ടില്ല.

*എ) തെരുവുവിളക്കുകൾ വാങ്ങിയത് നശിക്കുന്നു.*

19.9.17ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനം i(9) ൽ സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസിനായി വാങ്ങിയ സാധനങ്ങൾ സ്റ്റോർ റൂമിൽ കെട്ടിക്കിടക്കുന്നുണ്ടെന്നും ഇത് അടിയന്തിരമായി ഗ്രാമപഞ്ചായത്ത് തെരുവു വിളക്ക് കത്തിക്കാൻ ഉപയോഗപ്പെടുത്തണമെന്നും അല്ലാത്ത പക്ഷം ഇത് നശിക്കാൻ സാധ്യതയുണ്ടെന്നും കമ്മിറ്റി കണ്ടെത്തുകയും വികസനകാര്യസ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാന്റെ നേതൃത്വത്തിൽ അടിയന്തിരമായി ഇനിയും അവശേഷിക്കുന്ന സാമഗ്രികളുടെ സ്റ്റോക്ക് എടുത്ത് അടുത്ത കമ്മിറ്റിയിൽ വയ്ക്കാനും തീരുമാനിച്ചിട്ടുണ്ട്. 24.10.17ലെ വികസനകാര്യസ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാന്റെ കത്ത് പ്രകാരം

Tubes 36w big size – 20
tubes 11 small bajaj – 250
tubes 11W Small-osram – 402
ആകെ – 672 (ട്യൂബ് സെറ്റുകൾ)

ചോക്ക്, അനുബന്ധ ഉപകരണങ്ങൾ, നാല് സെറ്റ് വലിയ ട്യൂബ് ലൈറ്റ് എന്നിവ അവശേഷിക്കുന്നതായും രേഖപ്പെടുത്തിയിരിക്കുന്നു. ഇത് സംബന്ധിച്ച് എൻക്വയറി നം. 24ന് 2016-17ലെ പ്രോജക്ട് നം. 24/17, 121/17 എന്നിവ പ്രകാരം വാങ്ങിയവയാണെന്നും നാല് സെറ്റ് വലിയ ട്യൂബ് ലൈറ്റ് റിപ്പയറിംഗിനായി നിലവിലുണ്ടായിരുന്ന പോസ്റ്റിൽ നിന്നും ഇളക്കി കൊണ്ടു വന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പ്രോജക്ട് നം. 220/18 പ്രകാരം തൻവർഷം സ്റ്റോക്കിലുണ്ടായിരുന്ന ലൈറ്റുകൾ സ്ഥാപിക്കുന്നതിനായി പദ്ധതി ആവിഷ്കരിച്ച് തനത് ഫണ്ടിൽ നിന്ന് 40,000/-രൂപ ചെലവഴിച്ച് ഇൻസ്റ്റാൾ ചെയ്ത സ്ഥാപനത്തിന്റെ കണക്ക് പ്രകാരം 270 ലൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. അതായത് 672 ലൈറ്റുകളിൽ 402 വിളക്കുകൾ ഇനിയും സ്ഥാപിക്കാതെ അവശേഷിക്കുന്നുവെന്ന് വ്യക്തമാകുന്നു.

ഇലക്ട്രിക് സാമഗ്രികളുടെ സ്റ്റോർ പരിശോധിച്ചതിൽ നിരവധി സി.എഫ് ലൈറ്റുകളും ട്യൂബുകളും അടുക്കും ചിട്ടയുമില്ലാതെ സൂക്ഷിച്ചിരിക്കുന്നതായി കണ്ടെത്തി. എന്നാൽ അവയുടെ കൃത്യമായ കണക്ക് എടുക്കാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല. വിവിധ പ്രോജക്ടുകൾ പ്രകാരം വാങ്ങിയ തെരുവുവിളക്കുകളും അനുബന്ധ ഉപകരണങ്ങളും പാഴായിപ്പോകാതെ പ്രയോജനപ്രദമാക്കി മാറ്റുന്നതിന് ഭരണസമിതിയുടെ അടിയന്തിര നടപടികൾ ഉണ്ടാകേണ്ടതാണ്.

*ബി) കെൽട്രോണിൽ നിന്നും വാങ്ങിയ തെരുവുവിളക്കുകൾ സ്ഥാപിച്ചതിൽ വ്യക്തതയില്ല*

വികസനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്റെ ലെറ്റർപാഡിലുള്ള കത്തിൽ (തീയതി രേഖപ്പെടുത്തിയിട്ടില്ല) കെൽട്രോണിൽ നിന്നും വാങ്ങിയ 77 തെരുവുവിളക്കുകൾ വാങ്ങിയതിൽ 51 എണ്ണം അവശേഷിക്കുന്നതായും സ്റ്റേഡിയത്തിൽ അഞ്ചെണ്ണം സ്ഥാപിച്ചതുൾപ്പെടെ വിവിധ വാർഡുകളിൽ 23 എണ്ണം സ്ഥാപിച്ചതായും മൂന്നെണ്ണത്തിന്റെ കുറവുള്ളതായും രേഖപ്പെടുത്തിയിരിക്കുന്നു. ഇത് സംബന്ധിച്ച് എൻക്വയറി 24ന് 2016-17ലെ പ്രോജക്ട് നം.121/17 പ്രകാരം കെൽട്രോണിൽ നിന്ന് വാങ്ങിയിട്ടുള്ളതാണെന്നും ടി 77 ലൈറ്റുകൾ പതിനെട്ട് വാർഡുകളിലും സ്ഥാപിച്ചിട്ടുണ്ടെന്നും കുറവായി കണ്ടെത്തിയിട്ടുള്ള മൂന്ന് ലൈറ്റും കുറുപ്പുഴ വാർഡിൽ സ്ഥാപിച്ചിട്ടുണ്ടെന്നുമാണ് മറുപടി ലഭ്യമാക്കിയത്.

മുൻവർഷ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-7(2)ൽ പ്രോജക്ട് നം. 121/17 പ്രകാരം ഇൻസ്റ്റലേഷൻ ഉൾപ്പെടെയുള്ള തുക ഉൾപ്പെടുത്തിയാണ് കെൽട്രോണുമായി കരാർ ചമച്ചിട്ടുള്ളതെന്നും എന്നാൽ 3,96,550/-രൂപ കെൽട്രോണിന് നൽകിയെങ്കിലും നാളിതുവരെ സ്ഥാപിച്ചിട്ടില്ലായെന്നും പരാമർശിച്ചിട്ടുണ്ട്.

പഞ്ചായത്ത് സെക്രട്ടറി 1.2.2018ൽ കെൽട്രോണിന് നൽകിയ എ2.1154/17-ാം നം കത്തിൽ 77 ലൈറ്റുകൾ നാളിതുവരെയും ഇൻസ്റ്റാൾ ചെയ്തിട്ടില്ലായെന്നും മേൽനോട്ട തുക കണക്കാക്കുന്നതിന് കെ.എസ്.ഇ.ബിയ്ക്ക് കത്ത് നൽകിയിട്ടുണ്ടെങ്കിലും നാളിതു വരെ മറുപടി ലഭ്യമാക്കിയിട്ടില്ലായെന്നും വിതരണം നടത്തിയ എൽ.ഇ.ഡി.ലൈറ്റുകൾ ഇൻസ്റ്റാൾ ചെയ്യാതെ പ്രവൃത്തി പൂർത്തിയാക്കിയെന്ന് കത്ത് നൽകിയത് എന്തടിസ്ഥാനത്തിലെന്ന് വ്യക്തമാക്കാനും ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിൽ നിന്നും കെൽട്രോൺ എൽ.ഇ.ഡി.ലൈറ്റുകൾ സ്ഥാപിച്ചിട്ടില്ലായെന്ന് വ്യക്തമാകുന്നു. എൻക്വയറി 24ന് അവ സ്ഥാപിച്ചിട്ടുണ്ടെന്ന് ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ അവ ഏത് ഫണ്ട് ഉപയോഗിച്ചാണ് നടപ്പിലാക്കിയതെന്ന എൻക്വയറി 31ന് കെ.എസ്.ഇ.ബിയിൽ നിന്ന് ഇൻസ്റ്റലേഷൻ ചാർജ്ജ് കണക്കാക്കി ലഭിക്കുന്നതിനു മുൻപെ തന്നെ അന്നത്തെ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ നിർദ്ദേശപ്രകാരം 26 ലൈറ്റുകൾ ആ കാലയളവിലുണ്ടായിരുന്ന ഇലക്ട്രീഷ്യനെ കൊണ്ട് ഇൻസ്റ്റാൾ ചെയ്യിപ്പിച്ചുവെന്നും തുടർന്ന് വികസനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്റെ നേതൃത്വത്തിൽ ഇൻസ്റ്റാൾ ചെയ്തിട്ടുണ്ടെന്നുമാണ് അറിയിച്ചിരിക്കുന്നത്. കെൽട്രോണിന് ഇൻസ്റ്റലേഷൻ ചാർജ്ജ് ഉൾപ്പെടെ തുക നൽകിയ ശേഷം തനത് ഫണ്ടിൽ നിന്ന് തുക ചെലവഴിച്ച് ഇലക്ട്രീഷ്യനെ കൊണ്ട് അവ ഇൻസ്റ്റാൾ ചെയ്യിപ്പിച്ചത് അധികച്ചെലവിന് കാരണമായി. സ്ഥാപിക്കാൻ അവശേഷിക്കുന്നതായി കണ്ടെത്തിയിട്ടുള്ള തെരുവു വിളക്കുകൾ അടിയന്തിരമായി സ്ഥാപിക്കുന്നതിനും തെരുവു വിളക്ക് രജിസ്റ്റർ കാലികമാക്കി, സർക്കാർ നിർദ്ദേശ പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതും പൊതുപണം പാഴാകുന്നില്ലായെന്നുറപ്പ് വരുത്തുന്നതിനുള്ള നടപടികൾ ഭരണ സമിതി സ്വീകരിക്കേണ്ടതുമാണ്.

## 3-4 ഡെപ്പോസിറ്റ് വർക്ക്- തുക തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2017-18 വർഷം നടപ്പിലാക്കിയ പദ്ധതികളിൽ വിനിയോഗസാക്ഷ്യപത്രം പ്രകാരം ചെലഴിക്കാതെ തുക അവശേഷിക്കുന്നുണ്ട്.

വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റിന്റെ പേര്/നം. | അടങ്കൽ തുക | ചെലവ് തുക | റിമാർക്സ് |
|---|---|---|---|---|
| 1 | S0124/18<br>കൃഷി ഭവൻ വൈദ്യുതീകരണം | വികസനഫണ്ട്<br>53000 | 23/17-18/ 23.1.18<br>53000 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് ഇലക്ട്രിക്കൽ സബ്ഡിവിഷനിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. വിനിയോഗസാക്ഷ്യപത്രം പ്രകാരം 45314/- രൂപയാണ് വിനിയോഗം, 7686/- രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു. |
| 2 | SO113/18<br>ഓഫീസ് വൈദ്യുതീകരണം | വികസനഫണ്ട്<br>63500 | 22/23.1.18<br>63500 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് ഇലക്ട്രിക്കൽ സബ്ഡിവിഷനിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.വിനിയോഗസാക്ഷ്യപത്രം പ്രകാരം 62555/- രൂപയാണ് വിനിയോഗം, 945- രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു. |

ഇത് സംബന്ധിച്ച എൻക്വയറി 11ന് തുക തിരികെ ലഭിക്കുന്നതിന് കത്തു നൽകിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിരിക്കുന്നു. തുക തിരികെ ലഭ്യമാക്കി റിപ്പോർട്ട് ചെയ്യുന്നതുവരെ 8,631/- രൂപ തടസ്സം ചെയ്യുന്നു.

## 3-5 കുടിവെള്ള വിതരണം കരാർ വിശദാംശങ്ങൾ.ലഭ്യമാക്കിയിട്ടില്ല. സർക്കാർ മാർഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധം - 3,07,815/- രൂപ തടസ്സം ചെയ്യുന്നു.

2017-18ലെ വരൾച്ചാ കാലത്തെ കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട് 4/17, 5/17 എന്നീ മാസങ്ങളിലെ വൗച്ചർ, ബിൽ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ താഴെ പറയും വിധം ചെലവുകൾ നടന്നിട്ടുണ്ട്

| വൗച്ചർ നമ്പർ | ചെക്ക് നമ്പർ , തീയതി | ഇനം | തുക | നൽകിയ ആൾ |
|---|---|---|---|---|
| 21700044 | 28251, 12.4.17 | കുടിവെള്ള വിതരണം | 18600 | സത്യരാജൻ, കരാറുകാരൻ (വാട്ടർ അതോറിറ്റിയ്ക്ക് നൽകിയത് ) |
| 21700076 | 28272,19.4.17 | | 1200 | സെൽഫ് |
| 21700081 | 2362905, 21.4.17 | | 87375 | സത്യരാജൻ, കരാറുകാരൻ (ലോറി വാടക) |
| 21700097 | 26281, 26.4.17 | | 7200 | സെൽഫ് |
| 21700115 | 26290, 3.5.17 | | 7200 | സെൽഫ് |
| 21700142 | 26100, 8.5.17 | | 1800 | സെൽഫ് |
| 21700205 | 2362911, 25.5.17 | | 220440 | സത്യരാജൻ കരാറുകാരൻ (ലോറി വാടക) |
| | ആകെ ചെലവ് | | 343815 | |

കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകങ്ങൾ കണ്ടെത്തിയിരിക്കുന്നു.

**(1)** സർക്കാർ ഉത്തരവ് നമ്പർ 662/2017/ത.സ്വ.ഭ.വ തീയതി 9.3.2017ന്റെയും ജില്ലാകളക്ടറുടെ 7.2.17ലെ എച്ച്.6/851/16 നമ്പർ നടപടിക്രമത്തിന്റെയും അടിസ്ഥാനത്തിൽ 25.3.2017 തീയതിയിലെ പഞ്ചായത്ത് ഭരണ സമിതി III(2) തീരുമാന പ്രകാരം പഞ്ചായത്തിന്റെ കുടിവെള്ള ക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ള വിതരണം നടത്തുന്നതിനായി ക്വട്ടേഷൻ മുഖാന്തിരം ടാങ്കർ ലോറികളെ തെരഞ്ഞെടുത്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കുടിവെള്ള വിതരണത്തിനായി കരാറുകാരനെ തെരഞ്ഞെടുത്തതിന്റെ ടെണ്ടർ നടപടിക്രമങ്ങൾ ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ഓഡിറ്റ് എൻക്വയറി നമ്പർ -30 മുഖേന ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയിട്ടില്ല.

**(2)** ഭരണസമിതിയുടെ 31.3.17 ലെ II(2) നമ്പർ തീരുമാന പ്രകാരം ശ്രീ. സത്യരാജൻ എന്നയാളുടെ KL-21 B 8507, KL-21 A 2506 എന്നീ ടിപ്പർ ലോറികൾ കുടിവെള്ളവിതരണത്തിനായി തെരഞ്ഞെടുക്കുകയും സർക്കാർ മാർഗ നിർദ്ദേശങ്ങൾക്കനുസൃതമായി ജി.പി.എസ് സംവിധാനം ഘടിപ്പിച്ച് ആഴ്ച്ചയിലൊരിക്കൽ പരിശോധിച്ച് തുക നൽകുന്നതിനും തീരുമാനിച്ചു. സെക്രട്ടറിയുടെ 17.4.17ലെ A4/2613/17 നമ്പർ നടപടിക്രമം മുഖേന കുടിവെള്ളവിതരണം വിലയിരുത്തുന്നതിന് ജൂനിയർ സൂപ്രണ്ടിനേയും ആയത് ഓൺലൈനായും ഫീൽഡിലും നിരീക്ഷിക്കുന്നതിനായി രണ്ട് ഉദ്യോഗസ്ഥരേയും നിയമിച്ചു. എന്നാൽ പ്രസ്തുത സംവിധാനം ആദ്യ ദിവസം മുതൽ തന്നെ പ്രവർത്തന രഹിതമാവുകയും കുടിവെള്ള വിതരണം ഫലപ്രദമായി നടക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ കഴിയാതെ വരികയും ചെയ്തിട്ടും ജി.പി.എസ് സംവിധാനത്തിന്റെ തകരാറ് പരിഹരിക്കുന്നതിന് യാതൊരു ശ്രമവും നടത്തിയില്ല .

**(3)** കരാറുകാരൻ വിവിധ വാർഡുകളിൽ കുടിവെള്ള വിതരണം നടത്തിയത് എപ്രകാരമാണ് മോണിറ്ററിംങ്ങ് നടത്തിയത് എന്ന ഓഡിറ്റ് എൻക്വയറി 30ന് മറുപടി നൽകിയിരിക്കുന്നത് ജി.പി.എസ് ലോഗ് പ്രകാരമാണ് എന്നാണ്. എന്നാൽ ആദ്യ ദിവസങ്ങളിൽ തന്നെ ജി.പി.എസ് സംവിധാനം പ്രവർത്തന രഹിതമായി എന്നും പഞ്ചായത്ത് മുഴുവൻ 10 കി.മീ. എന്നു കണക്കാക്കി തുക അനുവദിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു എന്നും ഇക്കാര്യത്തിൽ

സർക്കാരിൽ നിന്നും നിരാക്ഷേപ പത്രം ലഭ്യമാക്കേണ്ടതാണെന്നും പഞ്ചായത്ത് ഭരണ സമിതിയുടെ 15.4.2017 ലെ VI-9 നമ്പർ തീരുമാനത്തിലും A4/2613/17 നമ്പർ ഫയലിൽ ഉൾപ്പെടുത്തിയിട്ടുള്ള നമ്പറോ തീയതിയോ രേഖപ്പെടുത്താത്ത നടപടിക്രമത്തിലും രേഖപ്പെടുത്തിയിട്ടുണ്ട്. ഇവ പരസ്പര വിരുദ്ധമാണ്.

ഇക്കാര്യത്തിൽ സർക്കാരിൽ നിന്നും നിരാക്ഷേപ പത്രം ലഭ്യമായിട്ടുമില്ല

**(4)** ലോറി സഞ്ചരിച്ച ദൂരമോ മറ്റു വിശദാംശങ്ങളോ ഇല്ലാതെ വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രത്തിന്റെയും ലോറി ഉടമ ഹാജരാക്കിയ യാതൊരു സാക്ഷ്യപ്പെടുത്തലുമില്ലാത്ത ട്രിപ്പ് ഷീറ്റിന്റെയും അടിസ്ഥാനത്തിൽ മാത്രമാണ് ചെലവു തുക അംഗീകരിച്ചിട്ടുള്ളത്. ഇത് സർക്കാർ മാർഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്.

മേൽ പരാമർശങ്ങളിൽ നിന്നും സർക്കാർ മാർഗനിർദ്ദേശങ്ങളിൽ നിന്നും വ്യതിചലിച്ച് കൃത്യമായ കരാർ നടപടിക്രമങ്ങൾ പാലിക്കാതെയും ശരിയായ മോണിറ്ററിംഗ് ഇല്ലാതെയുമാണ് കുടിവെള്ള വിതരണം നടത്തിയത് എന്ന് വ്യക്തമാണ്

കരാറിന്റെ പകർപ്പും മറ്റ് വിവരങ്ങളും ഉൾപ്പെടുന്ന ഫയൽ ഹാജരാക്കിട്ടില്ലാത്തതിനാലും സർക്കാർ മാർഗ നിർദ്ദേശങ്ങളിൽ നിന്നും വ്യതിചലിച്ച് നടപ്പാക്കിയിട്ടുള്ളതിനാലും സർക്കാരിൽ നിന്നും നിരാക്ഷേപ പത്രം ലഭ്യമായിട്ടില്ലാത്തതിനാലും കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട് ഈയിനത്തിലെ ആകെ ചെലവായ 3,43,815/- രൂപയിൽ ടാങ്കർലോറി വാടകയിനത്തിൽ ചെലവായ 3,07,815/- രൂപ തടസ്സം ചെയ്യുന്നു.

## 3-6 എർത്ത് ഫില്ലിംഗ് -കുഴിച്ചെടുത്ത മണ്ണ് ഉപയോഗിച്ചില്ല.നഷ്ടം-7946/-

സൈഡ് വാൾ നിർമ്മാണം പ്രവൃത്തികളിൽ ഫൗണ്ടേഷനുവേണ്ടി കുഴിച്ചെടുത്ത മണ്ണിന്റെ പുനരുപയോഗപ്രദമായ ഭാഗം ഫില്ലിംഗിന് ഉപയോഗിക്കാവുന്നതും ഉപയോഗപ്രദമല്ലെങ്കിൽ വിവരം എം. ബുക്കിൽ നിർവഹണ ഉദ്യോഗസ്ഥൻ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ ഇലവുകോണം മൈലാടി റോഡ് സൈഡ് വാൾ നിർമ്മാണം, നവോദയ വലിയ വേങ്കോട്ടുകോണം മാടൻനട റോഡ് സൈഡ് വാൾ നിർമ്മാണം എന്നീ പ്രവൃത്തികളിൽ മേൽ നടപടികൾ പാലിക്കാത്തതിനാൽ നഷ്ടം ഉണ്ടായിട്ടുണ്ട്. വിവരം ചുവടെ ചേർക്കുന്നു.

***(എ) ഇലവുകോണം മൈലാടി റോഡ് സൈഡ് വാൾ നിർമ്മാണം***

| | | |
|---|---|---|
| പദ്ധതി നം | : | 225/2018 |
| അടങ്കൽ | : | 200000/- |
| ചെലവ് | : | 194251/- |
| നിർവഹണം | : | അസി.എഞ്ചിനീയർ |
| കരാറുകാരൻ | : | സുനിൽ ലാൽ |
| ബിൽ നം | : | 315/17-18<br>തീ. 28/03/18 |
| എം ബുക്ക് നം | : | 296/17-18 |
| ഇനം നം 1 ആയി കുഴിച്ചെടുത്ത മണ്ണ് | : | 17.71$m^3$ |
| ഇനം നം 5 ആയി ഫില്ല് ചെയ്ത മണ്ണ് | : | 28.10$m^3$ |

| | | |
|---|---|---|
| അനുവദിച്ച തുക – 22.48$m^3$@402.30 | = | 9044/- രൂപ |
| അനുവദിക്കേണ്ടിയിരുന്ന അളവ് | = | 10.39 $m^3$ (28.10$m^3$ - 17.71$m^3$) |
| അനുവദിക്കേണ്ടിയിരുന്ന തുക10.39$m^3$@ 402.30 | = | 4180/- രൂപ |
| അധികം നൽകിയ തുക | = | 4864/- രൂപ |

***(ബി) നവോദയ വലിയവേങ്കോട്ടുകോണം മാടൻനട റോഡ് സൈഡ് വാൾ നിർമ്മാണം***

| | | |
|---|---|---|
| പദ്ധതി നം. | : | 231/2018 |
| അടങ്കൽ | : | 100000/- |
| ചെലവ് | : | 98621/- |
| നിർവഹണം | : | അസി.എഞ്ചിനീയർ |
| കരാറുകാരൻ | : | സുനിൽ ലാൽ |
| ബിൽ നം | : | 279/17-18 തീ. 21.03.18 |
| എം ബുക്ക് നം | : | 288/17-18 |
| ഇനം നം 1 ആയി കുഴിച്ചെടുത്ത മണ്ണ് | : | 7.96 $m^3$ |
| ഇനം നം 5 ആയി ഫില്ല് ചെയ്ത മണ്ണ് | : | 7.66 $m^3$ |
| അനുവദിച്ച തുക 7.66$m^3$ @ 402.30 | = | 3081.62/- രൂപ |
| അനുവദിക്കേണ്ടിയിരുന്ന അളവ് | = | ഇല്ല (7.66$m^3$ – 7.96$m^3$) |
| അനുവദിക്കേണ്ടിയിരുന്ന തുക | = | ഇല്ല |
| അധികം നൽകിയ തുക | = | 3081.62/- രൂപ |

മേൽ അപാകതകൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം 29/2019) കുഴിച്ചെടുത്ത മണ്ണ് ഉപയോഗപ്രദമായിരുന്നില്ല എന്ന മറുപടി അംഗീകരിക്കാനാവില്ല. മേൽ സൂചിപ്പിച്ച രണ്ടു പ്രവൃത്തികളുടെയും എസ്റ്റിമേറ്റിൽ മണ്ണ് ഫില്ലിംഗ് എന്ന ഇനം കുഴിച്ചെടുത്ത മണ്ണ് കുറവ് ചെയ്ത ശേഷം തുക അനുവദിക്കുന്ന രീതിയിലാണ് തയ്യാറാക്കിയിരിക്കുന്നത്. മാത്രമല്ല കുഴിച്ചെടുത്ത മണ്ണ് ഉപയോഗപ്രദമായിരുന്നില്ലായെന്ന് നിർവഹണോദ്യോഗസ്ഥൻ എം.ബുക്കിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടുമില്ല. ആയതിനാൽ നഷ്ട തുക 7946/- (4864 + 3082) അതാത് കറാറുകാരിൽ നിന്നോ നിർവഹണോദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-7 കാർഷിക മേഖലയിലെ വികസനം - സർക്കാർ നിർദ്ദേശ പ്രകാരമാകണം

പതിമൂന്നാം പഞ്ചവൽസര പദ്ധതി കാലഘട്ടത്തിൽ കാർഷിക മേഖലയുടെ വികസനം ലക്ഷ്യം വച്ചിട്ടുള്ള പദ്ധതികൾ നടപ്പിലാക്കുമ്പോൾ പദ്ധതി മാർഗരേഖയിലെ പ്രത്യേക നിർദ്ദേശങ്ങൾ പാലിക്കേണ്ടതുണ്ട്. വിഭാവനം ചെയ്ത 15 പദ്ധതികളും നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് മുതൽ പദ്ധതിയുടെ മോണിട്ടറിംഗ് വരെയുള്ള തലങ്ങളിൽ അപാകതകൾ വന്നിട്ടുണ്ട്.

| ക്രമ നമ്പർ | പദ്ധതി മാർഗ്ഗരേഖ നിർദ്ദേശങ്ങൾ | സ്വീകരിച്ച നടപടികൾ |
|---|---|---|
| 1 | മണ്ണ്, ജലസംഭരണം, നീർത്തട പരിപാലനം , വനവൽക്കരണം എന്നിവയുമായി ബന്ധപ്പെട്ട പ്രോജക്റ്റുകൾ പ്രോത്സാഹിപ്പിക്കണം | പദ്ധതികൾ ഏറ്റെടുത്തിട്ടില്ല |
| 2 | ജൈവകൃഷിയും ജൈവവളങ്ങളുടെയും ജൈവ കീടനാശിനികളുടേയും ഉല്പാദനവും ഉപയോഗവും പ്രോത്സാഹിപ്പിക്കുന്ന പ്രോജക്റ്റുകൾക്ക് പരിഗണന നൽകണം | പരിഗണന നൽകിയിട്ടില്ല |
| 3 | കാർഷിക വിളകളുടെ മൂല്യവർദ്ധിത ഉൽപന്നങ്ങൾ പ്രോത്സാഹിപ്പിക്കുന്ന പ്രോജക്റ്റുകൾ ഏറ്റെടുക്കാവുന്നതാണ്. | പരിഗണിക്കപ്പെട്ടിട്ടില്ല |
| 4 | കാർഷിക പദ്ധതികൾ MNREGS പദ്ധതിയുമായി നടപ്പിലാക്കുവാനുള്ള സാധ്യത ഉപയോഗപ്പെടുത്തണം | ഉപയോഗപ്പെടുത്തിയിട്ടില്ല |
| 5 | തരിശുഭൂമിയിൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും കൃഷി ചെയ്യാതെ ഒഴിഞ്ഞുകിടക്കുന്ന ഭൂമിയിൽ കൃഷിയിറക്കുന്നതിനും പരമാവധി ശ്രദ്ധ നൽകണം | ശ്രദ്ധ നൽകിയിട്ടില്ല |
| 6 | ഓരോ ദേശത്തിന്റെയും ഭൂപരിസ്ഥിതിയനുസരിച്ച വ്യത്യസ്ത ഉപാധികളിലൂടെ മഴവെള്ളം ഫലപ്രദമായി സംഭരിക്കുന്ന പ്രോജക്റ്റുകൾ പ്രോത്സാഹിപ്പിക്കണം | ശ്രദ്ധ നൽകിയിട്ടില്ല |
| 7 | ഓരോ ദേശത്തിന്റെയും ഭൂപരിസ്ഥിതിയനുസരിച്ച് വ്യത്യസ്ത ഉപാധികളിലൂടെ മഴവെള്ളം ഫലപ്രദമായി സംഭരിക്കുന്ന പ്രോജക്റ്റുകൾ പ്രോത്സാഹിപ്പിക്കണം | പദ്ധതി ഏറ്റെടുത്തിട്ടില്ല. |

മേൽ പറഞ്ഞ മാർഗരേഖാനിർദ്ദേശങ്ങൾ പാലിക്കപ്പെടാത്തതിനുപരിയായി, ഏറ്റെടുത്ത പ്രവൃത്തികളിൽ താഴെ പറയുന്ന അപാകതകളും കാണുന്നുണ്ട്

**1)** ഗുണഭോക്തൃ തെരഞ്ഞെടുപ്പ് ക്രമപ്രകാരമല്ല. ഉദാ: ഹരിതകം-കരനെൽകൃഷി (സ) എന്ന ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടവരല്ല. ഹരിതകം-രോഗകീട പ്രതിരോധ പദ്ധതി (102/18) എന്ന പദ്ധതിയിലെ 154 ഗുണഭോക്താക്കളിൽ 9 പേരും ഗുണഭോക്തൃലിസ്റ്റിലോ, 11.10.17-ാം തീയതി നടന്ന സാധാരണ മീറ്റിംഗിലെ I(12)-ാംനമ്പർ തീരുമാന

പ്രകാരം തയ്യാറാക്കിയ ലിസ്റ്റിലോ ഉൾപ്പെടാത്തവരാണ്.

**2)** നടപ്പിലാക്കിയ പദ്ധതികൾക്ക് ആകെയായി ഒരു മോണിറ്ററിംഗ് റിപ്പോർട്ട്.

നടപ്പിലാക്കിയിട്ടുള്ള 15 പദ്ധതികളുടെ ഫയലുകളും റിപ്പോർട്ട് ഹാജരാക്കിയിരുന്നില്ല. ഇതിനെ തുടർന്ന് നൽകിയ ഓഡിറ്റ് അന്വേഷണം 22/8.3.19നുള്ള മറുപടിയിൽ എല്ലാ പ്രോജക്ടുകൾക്കുമായി ഒരു മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കി. മോണിറ്ററിംഗ് രേഖയായി ഒരു റിപ്പോർട്ട് ഹാജരാക്കുന്നതിലുപരിയായി പദ്ധതി രൂപീകരണശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച്, കമ്മിറ്റികൾ യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണ സമിതിക്കും നൽകുവാൻ കഴിഞ്ഞിട്ടില്ല.

**3)** പരോക്ഷമായി ഉദ്ദേശിക്കുന്ന ലക്ഷ്യം കൈവരിക്കുവാൻ കഴിഞ്ഞിട്ടില്ല.

ഹരിതകം – കുരുമുളക് കൃഷി വികസന പദ്ധതി (100/18) വിത്ത് വിതരണം ഇല്ലാതെ വളം മാത്രം നൽകുന്നതിനായാണ് ആവിഷ്കരിച്ചിട്ടുള്ളത്. കാർഷിക കർമ്മസേനകൾ, കർഷക ഗ്രൂപ്പുകൾ, കർഷകർ കുടുബശ്രീ അയൽക്കൂട്ടങ്ങൾ തുടങ്ങിയവർ പ്രാദേശികമായി ഉൽപാദിപ്പിക്കുന്ന ജൈവവളങ്ങൾ നേരിട്ട് കൃഷി ഓഫീസർ കൺവീനറായ പർച്ചേസ് കമ്മിറ്റി വാങ്ങി വിതരണം ചെയ്യേണ്ടതാണ്. ലഭ്യമല്ലാത്ത സംഗതികളിൽ ലോക്കൽ പർച്ചേസ് നടത്താവുന്നതാണ്. പക്ഷേ ഈ പദ്ധതിയിൽ പരോക്ഷമായി ഉദ്ദേശിക്കുന്ന ലക്ഷ്യം കൈവരിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥന് കഴിഞ്ഞിട്ടില്ല. വാങ്ങലുകൾക്ക് പ്രാദേശിക വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവയെ ഉൾപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല.

കാർഷിക മേഖലയിലെ പ്രോജക്ടുകൾ സർക്കാർ നിർദ്ദേശ പ്രകാരം തയ്യാറാക്കുവാൻ വികസന കാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും ആസൂത്രണ സമിതിയും ശ്രദ്ധ നൽകേണ്ടതാണ്.

## 3-8 ക്ഷീരമേഖല വികസനം - പദ്ധതികൾ ലക്ഷ്യം കൈവരിച്ചിട്ടില്ല

വെറ്റിനറി സർജൻ നടപ്പിലാക്കിയ 10 പദ്ധതികളിൽ, ആട് വളർത്തൽ ലക്ഷ്യം വച്ചിട്ടുള്ള 4 പദ്ധതികളും ഉൾപ്പെട്ടിട്ടുണ്ട്. [157/18, 158/18, 161/18, 163/18]. ഈ 4 പദ്ധതികൾക്കായി 7,99,500/- രൂപ ചെലവഴിക്കപ്പെട്ടിട്ടുണ്ട്. പാൽ ഉൽപ്പാദനത്തിൽ സ്വയം പര്യാപ്തത നേടുക എന്നത് മുഖ്യ ലക്ഷ്യമായിട്ടുള്ള ഈ പദ്ധതികളിലൂടെ കുറഞ്ഞത് 2 ആടുകൾ വീതം ഒരു ഗുണഭോക്താവിന് ലഭ്യമായിട്ടുണ്ട്. 79 ഗുണഭോക്താക്കൾക്ക് ഈ ആനുകൂല്യം ലഭ്യമായിട്ടുണ്ട്. എന്നാൽ 71 ഗുണഭോക്താക്കളും ആടുകളെ വാങ്ങിയിട്ടുള്ളത് അയൽവാസികളിൽ നിന്നോ, പഞ്ചായത്ത് പരിധിക്കുള്ളിൽ നിന്നോ ആണ്. ഇതിലൂടെ പഞ്ചായത്ത് പരിധിയിലെ ക്ഷീര വികസനം സാധ്യമായിട്ടില്ല. ഭാവിയിൽ ഇത്തരം പദ്ധതികളിൽ മേൽ അപാകത പരിഹരിക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥനും വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ശ്രദ്ധ നൽകേണ്ടതാണ്.

## 3-9 പട്ടികവർഗ്ഗ സങ്കേതങ്ങളിൽ മെഡിക്കൽ ക്യാമ്പ്-ഉക തടസ്സം ചെയ്യുന്നു

| | |
|---|---|
| പ്രോജക്റ്റ് നം. | - SO 164/18 |
| പേര് | - പട്ടികവർഗ്ഗ സങ്കേതങ്ങളിൽ മെഡിക്കൽ ക്യാമ്പ് |
| അടങ്കൽ | - വികസന ഫണ്ട് 50000 |

ചെലവ് - ബിൽ നം.4/17-18/23.1.18 - 50000

നിർവ്വഹണഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ (സി.എച്ച്,സി)

ഗ്രാമപഞ്ചായത്തിലെ പതിമൂന്ന് ഊരുക്കൂട്ടങ്ങളിലേയും പട്ടികവർഗ്ഗക്കാരെ ഉൾപ്പെടുത്തി ആരോഗ്യപരിപാലനത്തിനായി ഒരു കേന്ദ്രത്തിൽ വച്ച് മരുന്നു വിതരണവും ഡോക്ടറുടെ പരിശോധനയും നടത്തുന്നതിനായി ആവിഷ്കരിച്ചിരുന്ന പദ്ധതിയിൽ മെഡിക്കൽ സർവീസസ് കോർപ്പറേഷന് ബിൽ പ്രകാരം തുക പിൻവലിച്ച് നൽകിയിട്ടുണ്ട്.

എന്നാൽ മെഡിക്കൽ ക്യാമ്പ് നടത്തിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച എൻക്വയറി നം.21 ന് 25,200/-രൂപയുടെ മരുന്ന് മാത്രമേ മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ നിന്ന് ലഭ്യമായിട്ടുള്ളുവെന്നും ക്യാംപ് നടത്തിയതിന്റെ വിശദാംശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടുണ്ടോയെന്ന് വിലയിരുത്താൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല. ഇതിനായി ചെലഴിച്ച 50,000/- രൂപ തടസ്സം ചെയ്യുന്നു.

## 3-10 സാന്ത്വനം പാലിയേറ്റീവ് കെയർ–മാർഗ്ഗരേഖയ്ക്കനുസൃതമായി നടപ്പിലാക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്റ്റ് നം. | : SO165/18 |
| പേര് | : സാന്ത്വനം പാലിയേറ്റീവ് കെയർ |
| അടങ്കൽ | : വികസന ഫണ്ട് – 7,11,430/- |
| ചെലവ് | : ബിൽനം. 1/17-18/16.3.17 – 138760<br>2/17-18/13.11.17 – 107370<br>6/17-18/24.3.18 – 347120<br>7/17-18/ 24.3.18 – 118180 |

മെഡിക്കൽ ഓഫീസർ സി.എച്ച്.സി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ സാന്ത്വനം പാലിയേറ്റീവ് കെയർ പദ്ധതി പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

**(1)** സ. ഉ (സാധ) നം.3217/15/lsgd. Dated 29.10.15ഖണ്ഡിക 2.3 പ്രകാരം മേൽ ഉത്തരവിന്റെ ഖണ്ഡിക 2.4 പ്രകാരം പാലിയേറ്റീവ് കെയർ പദ്ധതി പ്രവർത്തനങ്ങൾ ഫലപ്രദമായും സുഗമമായും കൊണ്ടു പോകുന്നതിന് എല്ലാ മാസവും അഞ്ചാം തീയതിക്ക് മുൻപ് പാലിയേറ്റീവ് കെയർ നിർവ്വഹണ കമ്മിറ്റി യോഗം ചേർന്ന് പാലിയേറ്റീവ് കെയർ നിർവ്വഹണം വിലയിരുത്തേണ്ടതാണ്. എന്നാൽ അത്തരത്തിലൊരു കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം നടത്തുന്നതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യാക്കിയിട്ടില്ല.

**(2)** മേൽ ഉത്തരവിന്റെ ഖണ്ഡിക 2.5.6 പ്രകാരം Nominal register വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാതെ പ്രോജക്ടിൽ നിന്ന് തുക ചെലവഴിക്കാൻ പാടില്ലായെന്ന് പരാമർശിച്ചിട്ടുണ്ട്. Nominal register വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടില്ലായെന്ന് ഓഡിറ്റ് എൻക്വയറി നം. 20ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

**(3)** മേൽ ഉത്തരവിന്റെ ഖണ്ഡിക 2.3.2 പ്രകാരം പി.എം.സി രണ്ട് മാസത്തിലൊരിക്കലോ ഇടവേളകളിൽ ആവശ്യാനുസരണമോ യോഗം ചേർന്ന് തങ്ങളുടെ പരിധിയിൽ നടക്കുന്ന പാലിയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും പോരായ്മകൾ പരിഹരിക്കുന്നതിനും പരിമിതികൾ മറികടക്കുന്നതിനും ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതുമാണ്. കൂടാതെ പാലിയേറ്റീവ് പ്രതിമാസ പ്രവർത്തന അവലോകന റിപ്പോർട്ടും വരവ്-ചെലവ് കണക്കും മെമ്പർ സെക്രട്ടറി യോഗത്തിൽ രേഖാമൂലം അവതരിപ്പിക്കേണ്ടതും യോഗം അത് വിലയിരുത്തി

അംഗീകരിക്കേണ്ടതുമാണ്. എന്നാൽ പി.എം.സിയുടെ മിനിട്സ് പരിശോധിച്ചതിൽ 2017-18 ൽ 18.8.17, 11.10.17, 11.12.17 എന്നീ തീയതികളിൽ മൂന്നു പ്രാവശ്യം മാത്രമാണ് യോഗം ചേർന്നിരിക്കുന്നത്. കൂടാതെ മേൽ പരാമർശിച്ചിട്ടുള്ള നടപടിക്രമങ്ങൾ പാലിക്കുകയോ ചെയ്തിട്ടില്ല. മിനിട്സ് പേജ് നം. 53 സാക്ഷ്യപ്പെടുത്തി ക്ലോസ് ചെയ്തിട്ടില്ല.

**(4)** ഖണ്ഡിക 2.9(a) പ്രകാരം ഒരു ദിവസം കുറഞ്ഞത് ആറ് രോഗികളെയെങ്കിലും ഫിസിയോതെറാപ്പിസ്റ്റ് സന്ദർശിച്ചിരിക്കണമെന്നും 2.9(b) പ്രകാരം പാലിയേറ്റീവ് കെയറിന്റെ ചുമതലയുള്ള അലോപ്പതി മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തി നൽകുന്ന ലിസ്റ്റ് പ്രകാരമുള്ള രോഗികൾക്കായിരിക്കണം സേവനം നൽകേണ്ടതെന്നും ഖണ്ഡിക 2.4(d) പ്രകാരം ഒരു മാസത്തിൽ കുറഞ്ഞത് ഒരു ദിവസം ഗൃഹ സന്ദർശനം നടത്തണമെന്ന വ്യവസ്ഥയ്ക്ക് വിധേയമായി വർഷത്തിൽ പരമാവധി പതിനഞ്ച് ദിവസത്തെ സേവനം ഉപയോഗപ്പെടുത്തി ദിവസവേതനം നൽകാനുമാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത് എന്നാൽ പ്രോജക്ട് പരിശോധിച്ചതിൽ ഫിസിയോതെറാപ്പിസ്റ്റിന് എല്ലാ മാസവും 9,000/-രൂപ നിരക്കിൽ വേതനം നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച എൻക്വയറി 20ന് പദ്ധതി രൂപീകരണ സമയത്ത് ലഭിച്ച മോഡൽ പദ്ധതിയിൽ തെറ്റ് സംഭവിച്ചതിനാൽ അപ്രകാരം തെറ്റായി നൽകിപ്പോയതാണെന്നും രോഗികളുടെ സേവനം കൂടുതലായതിനാൽ ഫിസിയോതെറാപ്പിസ്റ്റിന്റെ സേവനം ആവശ്യമാണെന്ന് കണ്ട് പി.എം.സി ആയത് മാസത്തിൽ പതിനഞ്ച് ദിവസമായി നിലനിർത്തുന്നതിന് തീരുമാനിച്ചതാണെന്നും മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയ ലിസ്റ്റ് ഫിസിയോതെറാപ്പിസ്റ്റിന്റെ കൈവശമുണ്ടെന്നും അറിയിച്ചിരിക്കുന്നു.

**(5)** ബിൽ നം.6 പ്രകാരമുള്ള തുകയിൽ നിന്ന് 1,70,000/- രൂപ പിൻവലിച്ച് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് മരുന്ന് വാങ്ങുന്നതിനായി നൽകിയിട്ടുണ്ട്. എന്നാൽ ഇൻവോയിസ് നം.13655/29.11.18 ,14570/20.12.2018 എന്നിവ പ്രകാരം ആകെ 59,492/- (48555+10937) രൂപയുടെ മരുന്ന് മാത്രമേ ലഭിച്ചിട്ടുള്ളു. 1,10,508/- രൂപയുടെ മരുന്ന് ലഭിക്കാൻ അവശേഷിക്കുന്നു. മരുന്ന് ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് റിപ്പോർട്ട് ചെയ്യുന്നതുവരെ 1,10,508/-രൂപ തടസ്സം ചെയ്യുന്നു.

ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയും ആരോഗ്യം വർക്കിംഗ് ഗ്രൂപ്പം പാലിയേറ്റീവ് കെയർ പദ്ധതികളുടെ പ്രവർത്തനം വിലയിരുത്തേണ്ടതും അപാകതകൾ പരിഹരിച്ച് പ്രവർത്തിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-11 വീട് വാസയോഗ്യമാക്കൽ ,ഭവന പുനരുദ്ധാരണം പദ്ധതികളിലെ അപാകങ്ങൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | : 73/18, 74/18, 75/18, SO 69/18 |
| പേര് | : വീട് വാസയോഗ്യമാക്കൽ,<br>ഭവന പുനരുദ്ധാരണം |
| ഫണ്ട് | : വികസന ഫണ്ട് |
| സ്റ്റാന്റിങ്ങ് കമ്മിറ്റി | : ക്ഷേമകാര്യം |
| നിർവഹണ ഉദ്യോഗസ്ഥൻ | : വി.ഇ.ഒ1, വി.ഇ.ഒ 2 |

മേൽ പദ്ധതികളുടെ നടത്തിപ്പിൽ ജി.ഒ.(എം.എസ്) 80/ത.സ്വ.ഭ.വ, തീയതി 3.4.17- സബ് സിഡി മാർഗരേഖ മാനദണ്ഡങ്ങൾ പ്രകാരമുള്ള താഴെ പറയുന്ന വ്യവസ്ഥകൾ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

1) വീട് വാസയോഗ്യമാക്കൽ പദ്ധതിക്ക് തെരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താവിന്റെ വീടിന്റെ നിലവിലുള്ള അവസ്ഥ

വിശകലനം ചെയ്ത് എൽ.എസ്.ജി.ഡി എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2) 60 ച.മീ ൽ അധികം വിസ്തീർണ്ണമുള്ള വീടുകൾക്ക് അധിക മുറി നിർമ്മിക്കൽ ആനുകൂല്യത്തിന് അർഹതയില്ല എന്നിരിക്കെ വീടുകളുടെ വിസ്തീർണ്ണം സംബന്ധിച്ച സാക്ഷ്യ പത്രമോ മറ്റു രേഖകളോ ഹാജരാക്കിയിട്ടില്ല.

3) ഭവന പുനരുദ്ധാരണത്തിന്റെ അംഗീകൃത എസ്റ്റിമേറ്റ് പ്രകാരമാണ് തുക അനുവദിക്കേണ്ടത്. എന്നാൽ അത്തരത്തിലുള്ള എസ്റ്റിമേറ്റിന്റെ അഭാവത്തിലാണ് തുക അനുവദിച്ചിട്ടുള്ളത്.

4) തദ്ദേശസ്ഥാപന ധനസഹായത്തോടെ നിർമ്മിച്ച വീടാണെങ്കിൽ ധനസഹായം സ്വീകരിച്ച് 8 വർഷം കഴിഞ്ഞിരിക്കണം. എന്നാൽ പ്രോജക്ട് നമ്പർ SO 69/18 പ്രകാരം നടപ്പിലാക്കിയ പദ്ധതിയുടെ ഫയലിൽ അത്തരത്തിൽ വീടിന്റെ പഴക്കം സംബന്ധിച്ച് സാക്ഷ്യ പത്രം ഹാജരാക്കിയിട്ടില്ല.

അപാകം വിശദീകരിക്കുന്നതിനു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (35, 36/14.3.2019) നിർവഹണ ഉദ്യോഗസ്ഥനും എൽ.എസ്.ജി.ഡി. എഞ്ചിനീയറും സംയുക്തമായി ഗുണഭോക്താക്കളുടെ വീടുകൾ സന്ദർശിച്ച് എല്ലാ ഭവനങ്ങളുടേയും നിലവിലെ അവസ്ഥ, വിസ്തൃതി, മാർഗരേഖ പ്രകാരം അനുവദിക്കാവുന്ന എസ്റ്റിമേറ്റ് തുക എന്നിവ ഉറപ്പ് വരുത്തിയതിനു ശേഷമാണ് ആനുകൂല്യം നൽകിയതെന്നും സാക്ഷ്യപത്രം മേലിൽ ഉൾപ്പെടുത്തുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച രേഖകളൊന്നും തന്നെ ഫയലിൽ ഉൾപ്പെടുത്താത്തതും ഇത്തരത്തിൽ സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായ സാക്ഷ്യപത്രങ്ങൾ ഉൾപ്പെടുത്താതെയും മാർഗരേഖയിലെ വ്യവസ്ഥകൾക്കളിൽ നിന്ന് വ്യതിചലിച്ചും ആനുകൂല്യങ്ങൾ നൽകുന്നതും പദ്ധതികളുടെ സുതാര്യവും ഫലപ്രദവുമായ നടത്തിപ്പിനെ ബാധിക്കുന്നു. ക്ഷേമകാര്യ സ്റ്റാന്റിംങ്ങ് കമ്മിറ്റി ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 3-12 വയോജനങ്ങൾക്ക് കട്ടിൽ വാങ്ങൽ - ഗുണമേന്മാ പരിശോധിച്ച് ഉറപ്പു വരുത്തണം.

| | |
|---|---|
| പദ്ധതി | : വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകൽ |
| പദ്ധതി നമ്പർ | : SO 192/18 (എസ്.സി.പി),<br>193/18 (ടി.എസ്.പി),<br>190/18 (ജനറൽ) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : അസിസ്റ്റന്റ് സെക്രട്ടറി , ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| അടങ്കൽ | : 50000 - SO 192/18 (എസ്.സി.പി)<br>450000 – SO 193/18 (ടി.എസ്.പി)<br>500000 - SO 190/18 (ജനറൽ) |
| ചെലവ് | : 46788 - SO 192/18 (എസ്.സി.പി)<br>448282 -SO 193/18 (ടി.എസ്.പി)<br>499365 - SO 190/18 (ജനറൽ) |

ഗ്രാമപഞ്ചായത്തിലെ വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകാൻ വേണ്ടി രൂപീകരിച്ച മേൽപ്പറഞ്ഞ പ്രോജക്ടുകൾക്കായി തടി കൊണ്ട് നിർമ്മിച്ച കട്ടിലുകൾ വാങ്ങിയതിൽ താഴെപ്പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടു.

**1.** ദർഘാസ് പരസ്യത്തിൽ (എ2-4163/17) കട്ടിലിന്റെ സ്പെസിഫിക്കേഷൻ നൽകിയിരിക്കുന്നത് കട്ടിലിന്റെ നീളം, വീതി, പ്ലൈവുഡ് എന്നിവ ഉൾപ്പെടുത്തിയാണ്. എന്നാൽ കട്ടിലിന്റെ ഫ്രെയിം തടി കൊണ്ടാണോ, മെറ്റൽ ഫ്രെയിം ആണോ എന്ന് രേഖപ്പെടുത്തിയിട്ടില്ല. ഇത് കാരണം സമർപ്പിക്കപ്പെട്ട ടെണ്ടറുകളിൽ അധികവും മെറ്റൽ ഫ്രെയിം ഉള്ള കട്ടിലുകൾക്കുള്ളതാണ്. തടി കട്ടിലുകൾക്കുള്ള ടെണ്ടറുകൾ കുറവാണ്. ഫ്രെയിമിന്റെ തരം സ്പെസിഫിക്കേഷനിൽ സൂചിപ്പിച്ചിരുന്നുവെങ്കിൽ തടിക്കട്ടിലുകളുടെ കൂടുതൽ ടെണ്ടറുകൾ സമർപ്പിക്കപ്പെടുകയും പഞ്ചായത്തിന് സാമ്പത്തികലാഭവും ഗുണനിലവാരവും മെച്ചപ്പെട്ട രീതിയിൽ ഉറപ്പ്‌വരുത്തുകയും ചെയ്യാവുന്ന സാഹചര്യം ഉണ്ടാകുമായിരുന്നു.

**2.** 19.09.2017 ലെ ഗ്രാമപഞ്ചായത്ത് ജനറൽ കമ്മിറ്റി യോഗ തീരുമാനം 4 പ്രകാരം ടെണ്ടർ നേടിയ സ്ഥാപനം ഹാജരാക്കിയ സാമ്പിൾ കട്ടിൽ നിലവാരം കുറഞ്ഞതാണെന്ന കാരണം കാട്ടി ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ ഉൾപ്പെടെ 7 മെമ്പർമാർ വിയോജനക്കുറിപ്പ് രേഖപ്പെടുത്തി നൽകിയിട്ടുണ്ട്. എന്നാൽ പ്രൊക്യൂയർമെന്റ് കമ്മിറ്റി മിനിറ്റ്സിൽ ടൈടെക് ട്രേഡേഴ്സ് ഹാജരാക്കിയ സാമ്പിളിന്റെ ഗുണമേന്മയെപ്പറ്റി ഒന്നും പറയുന്നില്ല. ഗുണമേന്മ വിലയിരുത്തിയെന്ന് മാത്രമേ പറയുന്നുള്ളൂ. എത്തരത്തിലാണ് കട്ടിലിന്റെ ഗുണമേന്മ ഉറപ്പ് വരുത്തിയതെന്ന് വ്യക്തമല്ല. ഇത് സംബന്ധമായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് 18 നുള്ള മറുപടിയിൽ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ ഉൾപ്പെട്ട പ്രൊക്യൂയർമെന്റ് കമ്മിറ്റിയാണ് കട്ടിലുകളുടെ ഗുണനിലവാരം പരിശോധിച്ചതെന്ന് വിശദീകരിക്കുന്നു. പാലോട് ഫോറസ്റ്റ് റേഞ്ച് ഓഫീസറോട് ഗുണമേന്മ പരിശോധിച്ച് സാക്ഷ്യപ്പെടുത്താൻ ആവശ്യപ്പെട്ടെങ്കിലും സാക്ഷ്യപത്രം ലഭ്യമായിട്ടില്ലെന്നും മറുപടി നൽകി.

ഇത്തരം പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ കൃത്യമായ സ്പെസിഫിക്കേഷൻ ടെണ്ടർ പരസ്യത്തിൽ ചേർക്കേണ്ടതും ടെണ്ടറിൽ പങ്കെടുക്കുന്ന സ്ഥാപനങ്ങളോട് ഫോറസ്റ്റ് റേഞ്ച് ഓഫീസറുടെ ഗുണമേന്മ സാക്ഷ്യപത്രം ഹാജരാക്കാൻ ആവശ്യപ്പെടേണ്ടതുമാണ്.

## 3-13 സ്കൂളുകളിലേക്ക് കമ്പ്യൂട്ടർ, പ്രൊജക്ടർ, പ്രൊജക്ടർ–സ്ക്രീൻ വാങ്ങൽ പദ്ധതി - ടെണ്ടർ നടപടിക്രമം പാലിച്ചില്ല.

HM നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ സ്കൂളുകളിലേക്ക് കമ്പ്യൂട്ടർ, പ്രൊജക്ടർ, പ്രൊജക്ടർ–സ്ക്രീൻ വാങ്ങൽ പദ്ധതി പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടു:

| | |
|---|---|
| പദ്ധതി | : സ്കൂളുകളിലേക്ക് കമ്പ്യൂട്ടർ, പ്രൊജക്ടർ, പ്രൊജക്ടർ – സ്ക്രീൻ വാങ്ങൽ |
| പദ്ധതി നമ്പർ | : SO 115/18 |
| നിർവ്വഹണഉദ്യോഗസ്ഥൻ | : ഹെഡ്മിസ്ട്രസ് |
| അടങ്കൽ | : 4,15,800/- (വി.ഫ.- പൊതു) |
| ചെലവ് | : 4,15,800/- |

**(1)** ഗ്രാമപഞ്ചായത്തിലെ 31.01.2018 തീയതി നടന്ന അടിയന്തിര യോഗത്തിലെ 9(1) ാം നമ്പർ തീരുമാന പ്രകാരം മേൽപ്പറഞ്ഞ പദ്ധതിക്കായി ടെണ്ടർ നൽകിയ 6 സ്ഥാപനങ്ങളിൽ 3 സ്ഥാപനങ്ങളുടെ ടെണ്ടർ നിരതദ്രവ്യം ഒടുക്കിയില്ല എന്ന കാരണത്താൽ നിരസിച്ചു. എന്നാൽ, ടെണ്ടർ നിരസിക്കപ്പെട്ട സ്ഥാപനങ്ങളായ പവർ സി.എം.എസ് ടെക്നോളജീസ്, എസ്.ആർ.എസ് അസോസിയേറ്റ്സ്, എ.ബി. എന്റർപ്രൈസസ് എന്നിവർ എം.എസ്.എം.ഇ രജിസ്ട്രേഷൻ നേടിയവരും ഇതിന്റെ അടിസ്ഥാനത്തിൽ ജി.ഒ(പി) നം. 07/2014/എസ്.പി.ഡി തീ. 28-8-2014 പ്രകാരം നിരതദ്രവ്യം അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കണമെന്ന് രേഖകൾ സമർപ്പിച്ച് ആവശ്യപ്പട്ടവരുമാണ്. ഇത്

സംബന്ധമായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് 38നുള്ള മറുപടിയിൽ സ്ഥാപനങ്ങൾ സമർപ്പിച്ച ഉത്തരവുകൾ കാലഹരണപ്പെട്ടതാണെന്ന് വിശദീകരിക്കുന്നു. എന്നാൽ സ്ഥാപനങ്ങൾ ഹാജരാക്കിയ ഉത്തരവ് കാലഹരണപ്പെട്ടുകയോ, റദ്ദാക്കപ്പെട്ടുകയോ ചെയ്തതിന്റെ രേഖകൾ ഒന്നും തന്നെ മറുപടിയോടൊപ്പം ഹാജരാക്കിയില്ല. ആയതിനാൽ ഈ മറുപടി അംഗീകരിക്കാവുന്നതല്ല. ഇത് സംബന്ധമായ രേഖപ്പെടുത്തലുകൾ പ്രൊക്യൂയർമെന്റ് കമ്മിറ്റി മിനിറ്റ്സിലും ലഭ്യമല്ല.

**(2)** ടെണ്ടറിൽ തെരഞ്ഞെടുത്ത സ്ഥാപനം നൽകിയ നിരക്കുകളെക്കാൾ കുറഞ്ഞ നിരക്കുകൾ ടെണ്ടറിൽ നിന്നും ഒഴിവാക്കിയ സ്ഥാപനങ്ങൾ ക്വോട്ട് ചെയ്തിട്ടുണ്ട്. ഉദാഹരണത്തിന്,

| ക്രമ നം. | ടെണ്ടർ നേടിയ കെ.എം.ടെക്നോളജീസ് നൽകിയ നിരക്ക് | ടെണ്ടറിൽ നിന്നും ഒഴിവാക്കപ്പെട്ട സ്ഥാപനങ്ങൾ നൽകിയ നിരക്ക് |
|---|---|---|
| 1. | ലാപ്ടോപ്പ് (3 വർഷം വാറന്റി) - 35300/- രൂപ | പവർ സി.എം.എസ് ടെക്നോളജി ലാപ്ടോപ്പ് (3 വർഷം വാറന്റി) - 30764/- രൂപ |
| 2. | പ്രൊജക്ടർ (ബെൻക്യൂ) - 30500/- രൂപ | എ.ബി. എന്റർപ്രൈസസ് പ്രൊജക്ടർ (ഒപ്ടോമ) - 25000/- രൂപ |
| 3. | പ്രൊജക്ടർ സ്ക്രീൻ - 3500/- രൂപ | എസ്.ആർ.എസ് അസോസിയേറ്റ്സ് പ്രൊജക്ടർ സ്ക്രീൻ - 2950/- രൂപ |

ഈ സാഹചര്യത്തിലും ടെണ്ടർ അംഗീകരിച്ച സ്ഥാപനവുമായി നെഗോസിയേഷൻ നടത്തി നിരക്കുകൾ കുറയ്ക്കാൻ നടപടി എടുക്കാതെയാണ് ഉപകരണങ്ങൾ വാങ്ങിയിരിക്കുന്നത്.

ഭാവിയിൽ ഇത്തരം പ്രോജക്ടുകൾ നിർവ്വഹിക്കുമ്പോൾ സർക്കാർ നിർദ്ദേശിച്ച ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്. ഗുണമേന്മയും സ്പെസിഫിക്കേഷനും പാലിച്ച് ഏറ്റവും കുറഞ്ഞ നിരക്കിൽ സാധനങ്ങൾ സമാഹരിക്കാൻ ശ്രദ്ധിക്കേണ്ടതുണ്ട്.

## 3-14 ഗുണഭോക്തൃ തെരഞ്ഞെടുപ്പ് - സർക്കാർ നിർദ്ദേശം പാലിക്കണം

പഞ്ചായത്തിരാജ് /നഗരപാലിക സ്ഥാപനങ്ങൾ സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച സ.ഉ(എം.എസ്) നം.80/2017/lsgd. Dated 3.4.2017 പ്രകാരം ഗ്രാമസഭ അംഗീകരിച്ച മുൻഗണനാക്രമം മാറ്റാതെ ഭരണസമിതി ഗുണഭോക്തൃ ലിസ്റ്റിന് അംഗീകാരം നൽകേണ്ടതാണ്. സമിതി അംഗീകരിച്ച ഓരോ വാർഡ് തല ലിസ്റ്റിലെയും ഗുണഭോക്താക്കളുടെ എണ്ണത്തെ തദ്ദേശഭരണസ്ഥാപനത്തിൽ തൻവർഷം ആനുകൂല്യം വിതരണം ചെയ്യുന്നതിന് പ്രോജക്ട് പ്രകാരമുള്ള ഗുണഭോക്താക്കളുടെ എണ്ണം കൊണ്ട് ഗുണിക്കുന്നതിനെ എല്ലാ വാർഡുതലത്തിലെയും ഗുണഭോക്താക്കളുടെ ആകെ എണ്ണം കൊണ്ട് ഭാഗിച്ചാൽ ഓരോ വാർഡിൽ നിന്നും തദ്ദേശഭരണസ്ഥാപന തലത്തിൽ ആനുകൂല്യം നൽകാവുന്ന ഗുണഭോക്താക്കളുടെ എണ്ണം കിട്ടും. ഇതിനെ മാർക്കിന്റെ മുൻഗണനാടിസ്ഥാനത്തിൽ പട്ടികപ്പെടുത്തി തദ്ദേശസ്ഥാപനതല ലിസ്റ്റ് ആക്കണം. ഇതായിരിക്കണം അടിസ്ഥാന ലിസ്റ്റ്. ഇതിൽ നിന്നും മാറ്റങ്ങൾ വരുത്തേണ്ടി വരുന്നെങ്കിൽ അതിന്റെ കാരണം വ്യക്തമായി രേഖപ്പെടുത്തി ഭരണസമിതി അംഗീകരിക്കണം. അംഗീകരിച്ച മുൻഗണനാ ലിസ്റ്റ് തദ്ദേശഭരണസ്ഥാപനത്തിന്റെ നോട്ടീസ് ബോർഡിലും വെബ്സൈറ്റിലും പ്രസിദ്ധീകരിക്കണം. വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാത്ത ഗുണഭോക്തൃ ലിസ്റ്റിന് സാധുത ഉണ്ടായിരിക്കുന്നതല്ല.

എന്നാൽ പഞ്ചായത്തിന്റെ ഗുണഭോക്തൃലിസ്റ്റ് പരിശോധിച്ചതിൽ വാർഡ് അടിസ്ഥാനത്തിലുള്ള ഗുണഭോക്തൃലിസ്റ്റ്

മാത്രമാണ് തയ്യാറാക്കിയിട്ടുള്ളത്. വെബ്സൈറ്റിൽ ആയത് പ്രസിദ്ധീകരിച്ചിട്ടുമില്ല. മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള മാർക്കിന്റെ മുൻഗണനാടിസ്ഥാനത്തിൽ പട്ടികപ്പെടുത്തിയ തദ്ദേശസ്ഥാപന ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കുമ്പോൾ ഫീൽഡ് ലെവൽ പരിശോധന നടത്തി രണ്ട് ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തുകയും പരിശോധനയുടേയും സാക്ഷ്യപ്പെടുത്തലിന്റെയും അടിസ്ഥാനത്തിൽ കരട് മുൻഗണനാ ലിസ്റ്റ് പുതുക്കി തയ്യാറാക്കുകയും ചെയ്യേണ്ടതാണെങ്കിലും അപ്രകാരമുള്ള നടപടികൾ പാലിച്ചിട്ടില്ല.

സർക്കാർ മാർഗ്ഗനിർദ്ദേശപ്രകാരമുള്ള നടപടിക്രമങ്ങൾ ഗുണഭോക്തൃതെരഞ്ഞെടുപ്പിൽ സൂക്ഷിക്കേണ്ടതും അർഹരായ ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം ലഭിക്കുന്നതെന്ന് ഭരണസമിതി ഉറപ്പ് വരുത്തേണ്ടതുമാണ്.

ഉദാ: ഖണ്ഡിക 3.7(1)

## 3-15 മോണിറ്ററിംഗ് ഫലപ്രദമല്ല.

കൃഷി ഓഫീസർ നിർവഹണം നടത്തിയ 15 പദ്ധതികളുടെ ഫയലുകളും അനുബന്ധ രേഖകളും പരിശോധിച്ചതിൽ മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കിയിരുന്നില്ല. ഇതിനെ തുടർന്ന് നൽകിയ ഓഡിറ്റ് അന്വേഷണം 22/8.3.2019നുള്ള മറുപടിയുടെ ഭാഗമായി എല്ലാ പ്രോജക്ടുകൾക്കുമായി ഒരു മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കുകയുണ്ടായി. ഇത് നിയമപരമല്ല. മോണിറ്ററിംഗ് രേഖയായി ഒരു റിപ്പോർട്ട് ഹാജരാക്കുന്നതിലുപരിയായി പദ്ധതി രൂപീകരണ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച്, കമ്മിറ്റികൾ യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവഹണ ഉദ്യോഗസ്ഥനും ഭരണ സമിതിയ്ക്കും നൽകുവാൻ കഴിഞ്ഞിട്ടില്ല. ഹാജരാക്കിയ മോണിറ്ററിംഗ് റിപ്പോർട്ടിൽ വർക്കിംഗ് ഗ്രൂപ്പിലെ എല്ലാ അംഗങ്ങളും സാക്ഷ്യപ്പെടുത്തിയിട്ടില്ല. കൃഷി ഓഫീസറുടെയും വർക്കിംഗ് ഗ്രൂപ്പ് ചെയർമാന്റെയും സാക്ഷ്യപ്പെടുത്തലുകൾ മാത്രമാണ് റിപ്പോർട്ടിലുള്ളത്. ഘട്ടങ്ങൾക്കനുസരിച്ചുള്ള വിലയിരുത്തലുകൾ നടത്തി മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കാൻ കഴിയാത്തത് വർക്കിംഗ് ഗ്രൂപ്പ് പരാജയമാണ്. ഭാവിയിൽ ഇത്തരം നിലപാടുകൾ ആവർത്തിക്കാതിരിക്കുവാൻ ഭരണസമിതി തയ്യാറാക്കണം.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 20400 | ജൈവസമൃദ്ധി | 20400 | 0 |
| ജില്ലാപഞ്ചായത്ത് | 2017-18 | 20400 | ജൈവസമൃദ്ധി | | 20400 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 42500 | ഹരിതകം സമഗ്രപച്ചക്കറി | 42500 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 25500 | ഹരിതകം നെൽകൃഷി | 25500 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 300000 | പാലിനു സബ്സിഡി നൽകൽ | 300000 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 150000 | പാലിനു സബ്സിഡി നൽകൽ | 150000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 79500 | മാനസിക വെല്ലുവിളികൾ | 79500 | 0 |

| | | | | | |
|---|---|---|---|---|---|
| | | | നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | | |
| ജില്ലാപഞ്ചായത്ത് | 2017-18 | 79500 | “ | 79500 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 79200 | ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 79200 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 550000 | പകൽ വീട് വാടക | 0 | 550000 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 500000 | തോട്ടിൻപുറം താന്നിമൂട് റോഡ് റീടാറിങ്ങ് | 0 | 500000 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 500000 | കടമാൻകുന്ന് തേക്കിൻകാട് റോഡ് റീടാറിങ്ങ് | 500000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 800000 | പാലോട് സി.എച്ച്.സി പാലിയേറ്റീവ് വാർഡ് നിർമ്മാണം | 0 | 800000 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 1155000 | | 0 | 1155000 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ (ഉണ്ടെങ്കിൽ)

| ക്രമ നമ്പർ | നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 1 | കേരള വാട്ടർ അതോറിറ്റി | പനങ്ങോട് ജംഗ്ഷൻ പെരിങ്ങമ്മല പൈപ്പ് ലൈൻ നീട്ടൽ | 189000 | 189000 യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമായിട്ടില്ല. | 0 |
| | | കുടിവെള്ള വിതരണം | 148000 | 148000 യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമായിട്ടില്ല. | 0 |
| 2 | പൊതു മരാമത്ത ഇലക്ട്രിക്കൽ വിഭാഗം | ഓഫീസ് വൈദ്യുതീകരണം | 63500 | 62555 | 945 |
| | | പഞ്ചായത്ത് സ്റ്റേഡിയത്തിൽ ഹാലജൻ ലൈറ്റ് സ്ഥാപിക്കൽ | 214000 | 214000 | 0 |
| | | കൃഷി ഭവൻ വൈദ്യുതീകരണം | 53000 | 45314 | 7686 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |

| | | | | | | |
|---|---|---|---|---|---|---|
| ഭവനനിർമ്മാണം | GO(MS) 90/13 LSGD dtd 14.3.13 | 18067200 | 7775200 | 2258400 | - | 3258400 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം തുക ഈടാക്കിയിട്ടില്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം /ഖണ്ഡിക നമ്പർ | ഖണ്ഡിക | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | വിഷയം |
|---|---|---|---|
| 2009-10 | 3-1 | 2011-12 | പച്ച നീന്തൽക്കുളത്തിന്റെ കറന്റ് ചാർജ്ജ് |
| | 3-7 | 2011-12 | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറുടെ ചെലവ് |
| | 3-10 | 2011-12 | നന്ദിയോട് മാർക്കറ്റിൽ ഡംബിങ്ങ് യാഡ് |

## 4-8 ചാർജ്ജ് സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) *സംക്ഷിപ്ത വിവരം*

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 89959076.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 93526263.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 31057.00 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 7946.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1117446.00 |

(ബി) *പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം*

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-13 | 31057 | | ശ്രീ. കൃഷ്ണകുമാർ. അസി.എഞ്ചിനീയർ |
| 3-6 | | 7946 | ശ്രീ. കൃഷ്ണകുമാർ. അസി.എഞ്ചിനീയർ |

(സി) *ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക*

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 537000 | ശ്രീ. എസ്.മനോജ്,സെക്രട്ടറി |
| 3-2 | 214000 | ശ്രീ. എസ്.മനോജ്,സെക്രട്ടറി |
| 3-4 | 8631 | ശ്രീ. എസ്.മനോജ്,സെക്രട്ടറി |
| 3-5 | 307815 | ശ്രീ. ബിന്ദുരാജ് |
| 3-9 | 50000 | ഡോ.ലക്ഷ്മി.പി എസ് , മെഡിക്കൽഓഫീസർ ,സി.എച്ച്. സി |
| ആകെ | 1117446/- | |

ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ് ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സപ്പെടുത്തലിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| ഉപേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. കൃഷ്ണകുമാർ. അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, നന്ദിയോട് ഗ്രാമപഞ്ചായത്ത് | ശ്രീകൃഷ്ണ വിലാസം,കുളക്കോട്, വെള്ളനാട്.പി.ഒ |
| ശ്രീ. എസ്.മനോജ്, സെക്രട്ടറി | സെക്രട്ടറി, നന്ദിയോട് ഗ്രാമപഞ്ചായത്ത് | മാനസസരസ്സ്, ഇടവക്കോട്, ശ്രീകാര്യം പി.ഒ |
| ശ്രീ. ബിന്ദുരാജ്, സെക്രട്ടറി | സെക്രട്ടറി | മണ്ണിൽ പറമ്പിൽ ഹൗസ്, കൊട്ടുമൺ, തിരുവനന്തപുരം. |
| ഡോ.ലക്ഷ്മി.പി എസ്, മെഡിക്കൽ ഓഫീസർ, സി.എച്ച്. സി | മെഡിക്കൽഓഫീസർ, സി.എച്ച്. സി | ഡോ.ലക്ഷ്മി.പി എസ്,നാരായണ,ഹൗസ് നമ്പർ-62,സൗത്ത് ഓഫ് ഗവ.എൽ . പി.എസ് ആറ്റിൻകുഴി. കഴക്കൂട്ടം .പി.ഒ തിരുവനന്തപുരം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1999-00 | കെ.എസ്.എ .ടി.വി.എം.ജി.പി.-10/873/18 തീയതി.20.06.2018 | 5 | |
| 2002-03 | കെ.എസ്.എ .ടി.വി.എം.ജി.പി.-10/873/18 തീയതി.20.06.2018 | 5 | |
| 2003-04 | കെ.എസ്.എ .ടി.വി.എം.ജി.പി.-10/873/18 തീയതി.20.06.2018 | 7 | |
| 2004-05 | കെ.എസ്.എ .ടി.വി.എം.ജി.പി.-10/873/18 തീയതി.20.06.2018 | 2 | |
| 2005-06 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.10/565/09/ തീ.25.6.2014 | 16 | |
| 2006-07 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.10/1077/ 14 തീ.21.10.2014 | 9 | |
| 2007-08 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.10/425/10 തീ.25.6.2014 | 24 | |
| 2008-09 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.10/1230/14 തീ.20/10/.14 | 9 | |
| 2009-10 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.10/1229/14 തീ.11.8.2014 | 13 | |
| 2010-11 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.10/98/14 തീ.11.12.2014 | 17 | |

| | | | |
|---|---|---|---|
| 2011-12 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.10/1751/14 തീ.7.8.2014 | 10 | |
| 2012-13 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.10/202/2015 തീ.8.2.2016 | 9 | |
| 2013-14 | എൽ.എഫ്..റ്റി.വി.എം.ജി.പി.10/11/17/ തീ.2.12.2017 | 2 | |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/1366/16 തീ. 3.8.2016 | 14 | |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/1003/17 തീ. 4.9.2018 | 2 | |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/175/16 തീ. 3.3.2016 | 6 | |

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

***edited BL***

ഒപ്പ്

## <u>അനുബന്ധം **1**</u>

## <u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും നന്ദിയോട് ഗ്രാമപഞ്ചായത്തിന്റെ **2017-18** സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വാർഷിക ധനകാര്യപത്രിക നന്ദിയോട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.